വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

ഏഴാംഘട്ടം

ക്യാമ്പയിൻ 07

സൂറത്തുൽ അഹ്സാബ്

ആയത്ത് 49 മുതൽ 58 വരെ

2025 സെപ്റ്റംബർ 14 മുതൽ 2025 സെപ്റ്റംബർ 28 വരെ

Google Play

Velicham Online

velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

അടുത്ത വചനം മുതൽ സംസാരമുഖം മറ്റൊരു വശത്തേക്ക് തിരിയുന്നു. ചില വൈവാഹിക നിയമങ്ങളാണ് അടുത്ത ആയത്തുകളിൽ പ്രതിപാദിക്കുന്നത്. നിയമങ്ങൾ വിവരിക്കുമ്പോൾ മനുഷ്യരാൽ വിരചിതമായ സാധാരണ ഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന പ്രതിപാദനരീതിയും, ക്വുർആന്റെ പ്രതിപാദനരീതിയും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിച്ചുനോക്കുക! അല്ലാഹു പറയുന്നു:-

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نَكَحْتُمُ ٱلْمُؤْمِنَـٰتِ ثُمَّ طَلَّقْتُمُوهُنَّ مِن قَبْلِ أَن تَمَسُّوهُنَّ فَمَا لَكُمْ عَلَيْهِنَّ مِنْ عِدَّةٍ تَعْتَدُّونَهَا ۖ فَمَتِّعُوهُنَّ وَسَرِّحُوهُنَّ سَرَاحًا جَمِيلًا ﴿٤٩﴾

(49) ഹേ, വിശ്വസിച്ചവരേ, നിങ്ങൾ സത്യവിശ്വാസിനികളായ സ്ത്രീകളെ വിവാഹം ചെയ്യുകയും, പിന്നീട് അവരെ സ്പർശിക്കുന്നതിന് മുമ്പായി അവരെ നിങ്ങൾ വിവാഹമോചനം 'ത്വലാക്വ്' ചെയ്കയും ചെയ്യുന്നതായാൽ നിങ്ങൾ എണ്ണിക്കണക്കാക്കേണ്ടുന്ന യാതൊരു 'ഇദ്ദയും' നിങ്ങളോട് അവർക്ക് (ബാധ്യത) ഇല്ല. എന്നാൽ, നിങ്ങൾ അവർക്ക് 'മുത്അത്ത്' മോചനവിഭവം നൽകുകയും, അവരെ ഭംഗിയായ പിരിച്ചയക്കൽ പിരിച്ചയക്കുകയും ചെയ്യണം.

﴾49﴿ يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചിട്ടുള്ളവരേ إِذَا نَكَحْتُمُ നിങ്ങൾ വിവാഹം കഴിച്ചാൽ الْمُؤْمِنَاتِ സത്യവിശ്വാസിനികളെ ثُمَّ طَلَّقْتُمُوهُنَّ പിന്നീട് നിങ്ങളവരെ വിവാഹമോചനവും ചെയ്തു مِنْ قَبْلِ മുമ്പായി أَنْ تَمَسُّوهُنَّ നിങ്ങളവരെ സ്പർശിക്കുന്നതിന് فَمَا لَكُمْ എന്നാൽ നിങ്ങൾക്കില്ല, നിങ്ങളോടില്ല عَلَيْهِنَّ അവരുടെമേൽ (ബാധ്യത) مِنْ عِدَّةٍ യാതൊരു ഇദ്ദഃയും تَعْتَدُّونَهَا നിങ്ങൾ എണ്ണി (കണക്കാക്കി)വരുന്ന فَمَتِّعُوهُنَّ എന്നാലവർക്ക് നിങ്ങൾ 'മുത്അത്ത്' നൽകണം وَسَرِّحُوهُنَّ നിങ്ങളവരെ പിരിച്ചുവിടുകയും വേണം سَرَاحًا ഒരു പിരിക്കൽ جَمِيلًا ഭംഗിയായ, നല്ലതായ

'സ്പർശിക്കുന്നതിന്നുമുമ്പായി' എന്ന് പറഞ്ഞതിന്റെ താൽപര്യം സംയോഗം ഉണ്ടാകുന്നതിനുമുമ്പ് എന്നാണ്. ഇതേ ഉദ്ദേശ്യത്തിൽ 'തൊടുക, സമീപിക്കുക, ചൊല്ലുക, മൂടുക, വിവാഹം നടത്തുക' (ملامسة , قربان , اتيان , تغشى , نكاح) എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളും ക്വുർആൻ ഉപയോഗിച്ചുകാണാം. ക്വുർആന്റെ ഭാഷാമര്യാദകളിൽ ഒന്നാണ് ഇത്തരം പ്രയോഗങ്ങൾ. ഭാര്യയും ഭർത്താവുമായി –വിവാഹമോചനംകൊണ്ടോ, മരണംകൊണ്ടോ വേർപെട്ടശേഷം ഭാര്യക്ക് മറ്റൊരു വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ പാടില്ലാതെ, നിർബന്ധമായും അവൾ കാത്തിരിക്കേണ്ടുന്ന കാലത്തിനാണ് 'ഇദ്ദഃ' (العدة) എന്ന് പറയുന്നത്. ഋതുകാലം എത്താത്തവളും, ഋതുകാലം കഴിഞ്ഞവളും മുമ്മൂന്ന് മാസവും, ഋതുമതികൾ മൂന്ന് ഋതുകാലവും, ഗർഭിണികൾ പ്രസവം വരെയും, ഭർത്താവ് മരണപ്പെട്ടവൾ നാലുമാസവും പത്ത് ദിവസവും 'ഇദ്ദഃ' ആചരിക്കേണ്ടതുണ്ട്. മുൻവിവാഹത്തിൽ ഗർഭം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കലാണ് ഇദ്ദഃയുടെ ഉദ്ദേശ്യങ്ങളിൽ പ്രധാനമായത്. പിതൃബന്ധത്തിൽ കലർപ്പോ സംശയമോ ഉണ്ടായേക്കുന്നത് ഇസ്‌ലാമിക ദൃഷ്ട്യാ വമ്പിച്ച ആപത്താണല്ലോ. വിവാഹത്തിന്ശേഷം വധൂവരൻമാർ തമ്മിൽ സമീപനം ഉണ്ടാകാതിരിക്കുന്ന പക്ഷം വിവാഹമോചനത്തിന്റെ പേരിൽ ഇദ്ദഃ ആവശ്യമില്ല എന്നാണ് ആയത്തിന്റെ സാരം.

'നിങ്ങളോട് അവർക്ക് ബാധ്യതയില്ല.' (مالكم عليهن) എന്നും നിങ്ങൾ എണ്ണിക്കണക്കാക്കുന്ന ഇദ്ദഃ' (عدة تعتدونها) എന്നുമുള്ള പ്രയോഗത്തിൽ ചില സൂചനകളുണ്ട്: സ്ത്രീ ഇദ്ദഃ ആചരിക്കുന്നത് പുരുഷന്റെ ഒരവകാശം വകവെച്ച് കൊടുക്കലാണ്. ഇത് സ്ത്രീകളുടെ കടമയാണ്. സന്താനത്തിന്റെ വംശബന്ധം പിതാവുമായിട്ടാണുള്ളത്.ഇദ്ദഃയുടെ കാലം മൊത്തക്കണക്കിൽ പൂർത്തിയാക്കിയാൽ പോരാ, കൃത്യമായിത്തന്നെ പൂർത്തിയാക്കണം എന്നൊക്കെയാണത്.

വിവാഹമോചനം നിമിത്തം ഭർത്താവുമായി വേർപെടുമ്പോൾ ഉണ്ടാകുന്ന സ്വാഭാവികമായ അസ്വാസ്ഥ്യത്തിന്ന് ഒരു താൽക്കാലിക ആശ്വാസമെന്ന നിലക്ക് ഭർത്താവ് ഭാര്യക്ക് കൊടുക്കേണ്ടതുള്ള വിഭവത്തിനാണ് 'മുത്അത്ത്' എന്ന് പറയുന്നത്. ഇത് എത്രയാണെന്ന് നിർണയിക്കപ്പെട്ടിട്ടില്ല. പരിതഃസ്ഥിതിയനുസരിച്ച് ഇത് കണക്കാക്കേണ്ടിയിരിക്കുന്നു. സൂ: അൽബക്വറഃയിൽ പറയുന്നു:

وَمَتِّعُوهُنَّ عَلَى ٱلْمُوسِعِ قَدَرُهُۥ وَعَلَى ٱلْمُقْتِرِ قَدَرُهُۥ مَتَـٰعًۢا بِٱلْمَعْرُوفِ - البقرة:٢٣٦

സാരം: 'അവർക്ക് –വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾക്ക് –നിങ്ങൾ 'മുത്ത്അത്ത്' കൊടുക്കുകയും ചെയ്യണം. കഴിവുള്ളവന് അവന്റെ സാദ്ധ്യത അനുസരിച്ചും, തിടുക്കക്കാരന് അവന്റെ കഴിവനുസരിച്ചും ബാധ്യതയുണ്ട്, ഇതിനെത്തുടർന്നുള്ള (അൽബക്വറഃയിലെ) ആയത്തിൽ, സ്പർശനത്തിന് മുമ്പ് വിവാഹമോചനം ചെയ്യപ്പെടുന്ന സ്ത്രീക്ക് 'മഹ്ർ' (വിവാഹമൂല്യം) നിർണയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ പകുതി കൊടുക്കണമെന്ന് വ്യക്തമാ

ക്കിയിരിക്കുന്നു. മാത്രമല്ല, ഇങ്ങനെ പകുതി 'മഹ്ർ' കൊടുക്കപ്പെടുന്നവൾക്ക് 'മുത്അത്ത്' കൊടുക്കൽ നിർബന്ധമില്ലെന്നും ആ ആയത്തുകളിൽനിന്ന് മനസ്സിലാക്കുവാൻ കഴിയും. ആകയാൽ, സ്പർശനത്തിനുമുമ്പ് വിവാഹമോചനം നൽകപ്പെടുന്നവൾക്ക് 'മുത്അത്ത്' കൊടുക്കണമെന്ന നിർബന്ധം, അവൾക്ക് മഹ്ർ നിർണയിക്കപ്പെടാത്തപ്പോഴാണെന്നും, 'മഹ്ർ' നിർണയിക്കപ്പെടാത്തപക്ഷം അവൾക്ക് 'മുത്ത്അത്ത്' മാത്രമേ നിർബന്ധമായി കൊടുക്കേണ്ടതുള്ളൂവെന്നും, മനസ്സിലാക്കാവുന്നതാകുന്നു. കൂടുതൽ വിശദീകരണത്തിന് അൽബക്വറഃ 236, 241 ആയത്തുകളുടെ വിവരണം നോക്കുക.

ഭംഗിയായ നിലയിൽ പിരിച്ചുവിടണം (سرحوهن سراحا جميلا) എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധാർഹമാണ്. ഭർത്താവിനും ഭാര്യക്കുമിടയിലുള്ള പെരുമാറ്റച്ചട്ടത്തിന്റെ ചുരുക്കം- ക്വുർആന്റെ ഭാഷയിൽ إمساك بمعروف أو تسريح بإحسان (സദാചാര മര്യാദയനുസരിച്ചുവെച്ചുകൊണ്ടിരിക്കുക, അല്ലെങ്കിൽ ഗുണകരമായ നിലക്ക് പിരിച്ചയക്കുക) എന്നുള്ളതാണ്. ദേഹത്തിലോ, മാനത്തിലോ, സ്വത്തിലോ, അവകാശത്തിലോ ഒന്നുംതന്നെ യാതൊരു അനീതിയും കൈകടത്തലും വരാതെയായിരിക്കണം ഭാര്യമാരെ പിരിച്ചുവിടുന്നത്.

يَـٰٓأَيُّهَا ٱلنَّبِىُّ إِنَّآ أَحْلَلْنَا لَكَ أَزْوَٰجَكَ ٱلَّـٰتِىٓ ءَاتَيْتَ أُجُورَهُنَّ وَمَا مَلَكَتْ يَمِينُكَ مِمَّآ أَفَآءَ ٱللَّهُ عَلَيْكَ وَبَنَاتِ عَمِّكَ وَبَنَاتِ عَمَّـٰتِكَ وَبَنَاتِ خَالِكَ وَبَنَاتِ خَـٰلَـٰتِكَ ٱلَّـٰتِى هَاجَرْنَ مَعَكَ

《50》 ഹേ, നബിയേ, നീ പ്രതിഫലങ്ങൾ [വിവാഹമൂല്യങ്ങൾ] കൊടുത്തിട്ടുള്ളവരായ നിന്റെ ഭാര്യമാരെ നാം നിനക്ക് അനുവദനീയമാക്കിത്തന്നിരിക്കുന്നു; അല്ലാഹു നിനക്ക് 'ഫൈഅ്'ക്കി [യുദ്ധത്തിൽ കൈവശം വരുത്തി] ത്തന്നവരിൽ നിന്നും നിന്റെ വലങ്കൈ ഉടമയാക്കിയിട്ടുള്ളതും [അടിമസ്ത്രീകളെയും], നിന്റെ ഒന്നിച്ചു (രാജ്യം ത്യജിച്ചു) ഹിജ്റഃപോന്നവരായ നിന്റെ പിതൃവ്യപുത്രിമാരെയും, അമ്മായികളുടെ പുത്രികളെയും, നിന്റെ അമ്മാമന്റെ പുത്രികളെയും, നിന്റെ ഇളയമ്മ- മൂത്തമ്മമാരുടെ പുത്രികളെയും.

وَٱمْرَأَةً مُّؤْمِنَةً إِن وَهَبَتْ نَفْسَهَا لِلنَّبِىِّ إِنْ أَرَادَ ٱلنَّبِىُّ أَن يَسْتَنكِحَهَا خَالِصَةً لَّكَ مِن دُونِ ٱلْمُؤْمِنِينَ ۗ

സത്യവിശ്വാസിനിയായ ഒരു സ്ത്രീ അവളുടെ സ്വന്തം ദേഹം നബിക്ക് ദാനം നൽകിയെങ്കിൽ, നബി അവളെ വിവാഹം ചെയ്തെടുക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം- സത്യവിശ്വാസികൾക്കില്ലാതെ നിനക്ക് മാത്രമായുള്ളതെന്ന നിലക്ക്- അവളെയും (അനുവദിച്ചിരിക്കുന്നു).

قَدْ عَلِمْنَا مَا فَرَضْنَا عَلَيْهِمْ فِىٓ أَزْوَٰجِهِمْ وَمَا مَلَكَتْ أَيْمَٰنُهُمْ لِكَيْلَا يَكُونَ عَلَيْكَ حَرَجٌ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥٠﴾

തീർച്ചയായും നമുക്കറിയാം, അവരുടെ ഭാര്യമാരുടെയും, അവരുടെ വലങ്കൈകൾ ഉടമയാക്കിയതിന്റെ [അടിമകളുടെ]യും കാര്യത്തിൽ അവരുടെ മേൽ നാം നിയമിച്ചിരിക്കുന്നതെന്താണെന്ന്, നിന്റെമേൽ യാതൊരു വിഷമവും ഉണ്ടാകാതിരിക്കുവാൻ വേണ്ടിയാകുന്നു (ഇതെല്ലാം നിനക്ക് അനുവദിച്ചത്). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴾50﴿ يَا أَيُّهَاالنَّبِيُّ ഹേ, നബിയേ إِنَّا أَحْلَلْنَا നാം അനുവദിച്ചു തന്നിരിക്കുന്നു, 'ഹലാലാ'ക്കിയിട്ടുണ്ട് لَكَ നിനക്ക് أَزْوَاجَكَ നിന്റെ ഭാര്യമാരെ اللاتِي آتَيْتَ നീ കൊടുത്തിട്ടുള്ളവരായ أُجُورَهُنَّ അവരുടെ പ്രതിഫലങ്ങളെ وَمَامَلَكَتْ ഉടമയാക്കിയതും, അധീനമാക്കിയതും يَمِينُكَ നിന്റെ വലങ്കൈ مِمَّا യാതൊന്നിൽനിന്ന് أَفَاءَاللهُ അല്ലാഹു 'ഫൈഉ്'ക്കിത്തന്ന, യുദ്ധത്തിൽ കൈവശപ്പെടുത്തിത്തന്ന عَلَيْكَ നിനക്ക് وَبَنَاتِ عَمِّكَ നിന്റെ പിതൃവ്യന്റെ പുത്രികളെയും وَبَنَاتِ عَمَّاتِكَ നിന്റെ അമ്മായിമാരുടെ പുത്രികളെയും وَبَنَاتِ خَالِكَ നിന്റെ അമ്മാവന്റെ പുത്രികളെയും وَبَنَاتِ خَالاتِكَ നിന്റെ ഇളയമ്മ-മൂത്തമ്മമാരുടെ പുത്രികളെയും اللاتِي هَاجَرْنَ ഹിജ്റഃ വന്നവരായ مَعَكَ നിന്റെ ഒന്നിച്ച് وَامْرَأَةً مُؤْمِنَةً സത്യവിശ്വാസിനിയായ സ്ത്രീയെയും إِنْ وَهَبَتْ അവൾ ദാനം നൽകിയാൽ نَفْسَهَا അവളുടെ ദേഹം, അവളെത്തന്നെ لِلنَّبِيِّ നബിക്ക് إِنْ أَرَادَالنَّبِيُّ നബി ഉദ്ദേശിച്ചാൽ أَنْ يَسْتَنْكِحَهَا അവളെ വിവാഹം ചെയ്തെടുക്കുവാൻ خَالِصَةً لَكَ നിനക്ക് മാത്രമുള്ളതായിട്ട് مِنْ دُونِ الْمُؤْمِنِينَ സത്യവിശ്വാസികൾക്കില്ലാതെ, (കൂടാതെ) قَدْ عَلِمْنَا തീർച്ചയായും നമുക്കറിയാം, അറിഞ്ഞിട്ടുണ്ട് مَافَرَضْنَا നാം നിയമിച്ചിട്ടുള്ളത്, നിയമിക്കേണ്ടത് عَلَيْهِمْ അവരുടെ മേൽ فِي أَزْوَاجِهِمْ അവരുടെ ഭാര്യമാരിൽ وَمَامَلَكَتْ ഉടമയാക്കിയതിലും أَيْمَانُهُمْ അവരുടെ വലങ്കൈകൾ لِكَيْلايَكُونَ ഉണ്ടാകാതിരിക്കുവാൻ വേണ്ടി عَلَيْكَ നിനക്ക്, നിന്റെമേൽ حَرَجٌ ഒരു വിഷമവും (ഇടുക്കവും) وَكَانَ اللهُ അല്ലാഹു ആകുന്നു غَفُورًا വളരെ പൊറുക്കുന്നവൻ, കരുണാനിധി رَحِيمًا കരുണാനിധി

നബി ﷺ ക്ക് വിവാഹം ചെയ്യാൻ അനുവദിക്കപ്പെട്ട സ്ത്രീകൾ ഏതൊക്കെയാണെന്ന് വിവരിക്കുന്നതാണ് ഈ വചനം.

1) നബി ﷺ മഹ്ർ കൊടുത്തു വിവാഹം കഴിച്ച നിലവിലുള്ള ഭാര്യമാർ തന്നെ.

2) 'ഫൈഉ്'യി ലഭിച്ച -അഥവാ യുദ്ധത്തിൽ ശത്രുഭാഗത്ത്നിന്ന് കൈവശം വന്ന- അടിമസ്ത്രീകളിൽ നബി ﷺ യുടെ ഉടമസ്ഥതയിലുള്ളവർ.

3) പിതൃവ്യൻ, അമ്മാവൻ, അമ്മായി, ഇളയമ്മ- മൂത്തമ്മ എന്നിവരുടെ പെൺമക്കളിൽ

നബി ﷺ യുടെ കൂടെ മദീനഃയിലേക്ക് ഹിജ്റഃപോന്നവർ. ഈ മൂന്ന് ഇനം സ്ത്രീകളും നബി ﷺ ക്കെന്നപോലെ മറ്റുള്ള സത്യവിശ്വാസികൾക്കും അനുവദനീയം തന്നെയാകുന്നു.

4) സത്യവിശ്വാസം സ്വീകരിച്ച സ്ത്രീകളിൽ ആരെങ്കിലും നബി ﷺ ക്ക് തന്റെ ദേഹത്തെ ദാനമാക്കുകയും, നബി ﷺ അവളെ വിവാഹംചെയ്തു സ്വീകരിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നപക്ഷം അത്തരം സ്ത്രീകൾ. ഒടുവിൽ പറഞ്ഞ ഈ ഇനം നബി ﷺ ക്ക് മാത്രം അനുവദനീയമായതും, മറ്റാർക്കും അനുവദിക്കപ്പെടാത്തതുമാകുന്നു. (خالصة لك من دون المؤمنين)

നബി ﷺ യുടെ മിക്ക ഭാര്യമാർക്കും 12 1/2 'ഊകിയഃ' വെള്ളി (*)യായിരുന്ന മഹ്ർ നിശ്ചയിക്കപ്പെട്ടിരുന്നത്. ഉമ്മുഹബീബഃ (റ)യുടെ വിവാഹം അബീസീനിയായിൽവെച്ച് നജ്ജാശി (നെഗാശീ) രാജാവ് മുഖാന്തരമാണ് ഉണ്ടായത്. നബി ﷺ ക്ക് വേണ്ടി അദ്ദേഹം അവർക്ക് 400 ദീനാർ (പൊൻപണം) മഹ്ർ കൊടുത്തു. സഫിയ്യഃ (റ) , ജുവൈരിയ്യഃ (റ) എന്നിവരുടെ മഹ്ർ അവരെ അടിമത്തത്തിൽനിന്ന് തിരുമേനി മോചിപ്പിച്ചുകൊടുത്തുവെന്നുള്ളതായിരുന്നു. ഈ രണ്ടുപേരും യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടവരായിരുന്നു.

'വലങ്കൈ ഉടമയാക്കിയവർ' എന്ന് പറഞ്ഞത് സ്വന്തം ഉടമസ്ഥതയിലുള്ള അടിമകളെ ഉദ്ദേശിച്ചാകുന്നു. (ഈ പ്രയോഗത്തെക്കുറിച്ച് സൂ: മുഅ്മിനൂന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം വിവരിച്ചുകഴിഞ്ഞതാണ്. അടിമത്തത്തെ സംബന്ധിച്ച് പല വിവരങ്ങളും സൂ: മുഹമ്മദിൽ കാണാം. إن شاء الله) യുദ്ധത്തിൽവെച്ച് 'ഫൈആയി' ലഭിക്കുന്നവർ- അഥവാ യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടു അധീനത്തിൽ വന്നവർ- എന്ന് അടിമകളെ വിശേഷിപ്പിച്ചതുകൊണ്ട് ഒരാൾക്ക് ദാനമായി ലഭിച്ചതോ, അയാൾ വിലക്ക് വാങ്ങിയതോ ആയ അടിമസ്ത്രീകൾ തീരെ അനുവദനീയമല്ല എന്നുദ്ദേശ്യമാക്കിക്കൂടാത്തതാണ്. കാരണം, ഇങ്ങനെയുള്ള അടിമകളുടെ ഉടമസ്ഥതയും ഇസ്ലാമിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. നബി തിരുമേനി ﷺ യുടെ ദമ്പതിയായിരുന്ന മാരിയഃ (مارية القبطية – رضـ) എന്ന മഹതി ഒരു അടിമസ്ത്രീയായിരുന്നുവല്ലോ. ഈജിപ്തിലെ ഭരണാധികാരിയായിരുന്ന മുക്വൗകിസ് തിരുമേനിക്ക് അവരെ സമ്മാനമായി അയച്ചുകൊടുത്തതായിരുന്നു. ഇവരിലാണ് തിരുമേനിയുടെ പുത്രൻ ഇബ്റാഹീം ജനിച്ചതും. ഈ സൂറത്ത് അവതരിച്ചതിന് ശേഷമായിരുന്നു അത്. അപ്പോൾ, 'അല്ലാഹു നിനക്ക് ഫൈആക്കിത്തന്നിട്ടുള്ള' (مما أفاء الله عليك) എന്ന് വിശേഷിപ്പിച്ചത് അടിമകളുടെ ഉത്ഭവത്തെയും, അടിമകളിൽവെച്ച് കൂടുതൽ ഉത്തമമായ വകുപ്പിനെയും ചൂണ്ടിക്കാണിച്ചതാണെന്ന് മനസ്സിലാക്കാം. നബി ﷺ ക്കും സത്യവിശ്വാസികൾക്കും 'ഫൈഉ്' അനുവദനീയമാക്കിയത് അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത ഒരു അനുഗ്രഹമാണെന്ന സൂചനയും അതിലടങ്ങിയിരിക്കുന്നു. യുദ്ധത്തിൽ ലഭിക്കുന്ന സ്വത്തുക്കൾ (الغنيمة) മുമ്പുള്ള നബിമാർക്ക് അനുവദിക്കപ്പെട്ടിരുന്നില്ലെന്നും, അത് നബി ﷺ ക്ക് സിദ്ധിച്ച പ്രത്യേകതകളിൽ ഒന്നാണെന്നും തിരുമേനി പ്രസ്താവിച്ചതായി പ്രധാന ഹദീഥ് ഗ്രന്ഥങ്ങളിലെല്ലാം കാണാവുന്നതാണ്.

ചില മതസ്ഥർ വളരെ അകന്ന കുടുംബബന്ധം പോലുമുള്ള സ്ത്രീകളെ വിവാഹം ചെയ്യാറില്ല. മറ്റ് ചില മതസ്ഥർ സഹോദരസഹോദരിമാരുടെ മക്കളെപ്പോലും വിവാഹം നടത്താറുമുണ്ട്. ഇസ്ലാമാകട്ടെ, രണ്ടിനുമിടയിൽ ഒരു മദ്ധ്യനില അംഗീകരിച്ചിരിക്കുകയാണ്. മാതാപിതാക്കളുടെ നേരെ സഹോദരസഹോദരിമാരെ അന്യോന്യം വിവാഹബന്ധം പാടില്ലാത്ത

(*) ഊകിയഃ (أوقية)ക്ക് 40 ദിർഹം (വെള്ളിപ്പണം) ആകുന്നു.

അടുത്ത ബന്ധുക്കളായും, അവരുടെ മക്കളെയും, അവരെക്കാൾ അകന്നവരെയും പരസ്പരം വിവാഹബന്ധത്തിലേർപ്പെടാവുന്ന കുടുംബങ്ങളായും ഇസ്‌ലാം ഗണിക്കുന്നു. 'നിന്റെ പിതൃവ്യന്റെയും അമ്മായികളുടെയും, അമ്മാവന്റെയും ഇളയമ്മ-മൂത്തമ്മമാരുടെയും പുത്രിമാരെയും' എന്ന് പ്രത്യേകം എടുത്ത് പറഞ്ഞത് ഈ വസ്തുത വ്യക്തമാക്കിയതാകുന്നു.

ഇവരെക്കുറിച്ച് 'നിന്റെ ഒന്നിച്ച് ഹിജ്റഃ പോന്നവരായ (**اللآتى هاجرن معك**)' എന്നും വിശേഷിപ്പിച്ചിരിക്കുന്നുവല്ലോ. ഈ ഇനങ്ങളിൽ അന്ന് മദീനഃയിൽ നിലവിലുണ്ടായിരുന്ന സ്ത്രീകൾ മക്കഃയിൽ നിന്നുള്ള ഹിജ്റഃയിൽ പങ്കെടുത്തവരായിരുന്നു. മാത്രമല്ല, അക്കാലത്ത് ശിർക്കിന്റെ നാടുകളി (**دار الشرك**)ൽ നിന്ന് ഇസ്‌ലാമിനെ അംഗീകരിച്ചവർ ഇസ്‌ലാമിന്റെ നാട്ടി(**دار الاسلام**)ലേക്ക് ഹിജ്റഃ പോരേണ്ടതും ഉണ്ടായിരുന്നു. ആ നിലക്ക് ഇസ്‌ലാമിന് വേണ്ടി കഷ്ടനഷ്ടങ്ങളും ത്യാഗങ്ങളും സഹിച്ചുവരുന്ന ആ സ്ത്രീകൾക്ക് മറ്റുള്ളവരെക്കാൾ മുൻഗണന നൽകേണ്ടതുമുണ്ട്. ഈ വിശേഷണംകൊണ്ടുദ്ദേശ്യം ഇതൊക്കെയാണ്. അല്ലാതെ, ഹിജ്റഃ പോരാത്തവരെ വിവാഹം ചെയ്യാൻ പാടില്ലെന്ന് വിരോധിക്കുകയല്ല ഇതുകൊണ്ടുദ്ദേശ്യം. ഇസ്‌ലാമിന് വിജയം കൈവന്നതിന് ശേഷം അടിയന്തിരഘട്ടം നേരിട്ടാലല്ലാതെ- ഹിജ്റഃയില്ല (**لا هجرة بعد الفتح**) എന്നുള്ളതും സ്മരണീയമാകുന്നു. പക്ഷേ, നബി ﷺയെ സംബന്ധിച്ചിടത്തോളം ഹിജ്റഃയിൽ പങ്കുള്ള കുടുംബങ്ങളെ മാത്രമേ വിവാഹം കഴിക്കാവൂ എന്നും വരാവുന്നതാണ്. (**كما فى البيضاوى وغيره**)

അവസാനത്തെ ഇനം സ്ത്രീകളെ നബി ﷺക്ക് പ്രത്യേകമായി അല്ലാഹു അനുവദിച്ച് കൊടുത്തതാണെന്ന് അല്ലാഹുതന്നെ വ്യക്തമാക്കിയിരിക്കുന്നു. ആകയാൽ, ഏതെങ്കിലും ഒരു സ്ത്രീ തനിക്ക് മഹ്റിന്റെ ആവശ്യമില്ലെന്നും, തന്റെ ദേഹം ദാനമായിത്തരുന്നുവെന്നും പറഞ്ഞാൽ, അവളെ ആ നിലക്ക് ഭാര്യയായി സ്വീകരിക്കുവാൻ ഒരു മുസ്‌ലിമിനും പാടുള്ളതല്ല. അങ്ങനെയുള്ള വിവാഹബന്ധം ഇസ്‌ലാമിക ദൃഷ്ടിയിൽ സാധുവുമല്ല. ആദ്യത്തെ മൂന്ന് ഇനം സ്ത്രീകളെക്കുറിച്ചും പ്രസ്താവിച്ചപ്പോൾ- നബി ﷺയെ അഭിമുഖീകരിച്ചുകൊണ്ട്- 'നിന്റെ' എന്നും 'നിനക്ക്' എന്നുമായിരുന്നു പ്രയോഗം. ഈ ഇനത്തെക്കുറിച്ച് പ്രസ്താവിച്ചപ്പോൾ ശൈലിയിൽ അല്ലാഹു മാറ്റം വരുത്തിയത് നോക്കുക. 'നബിക്ക് അവളുടെ ദേഹം ദാനം നൽകിയെങ്കിൽ' എന്നും, 'നബി ﷺ അവളെ വിവാഹം ചെയ്തു സ്വീകരിക്കാൻ ഉദ്ദേശിച്ചെങ്കിൽ' എന്നും (**إن وهبت نفسها للنبي – ان اراد النبي ان يستنكحها**) ആണല്ലോ ഇവിടത്തെ വാചകം. മുൻശൈലിയനുസരിച്ചാണെങ്കിൽ 'നീ' എന്നും 'നിനക്ക്' എന്നും പറയേണ്ടതായിരുന്നു. നബി ﷺ ഒരു പ്രവാചകനെന്ന നിലക്കും- താഴെ വരുന്ന ആയത്തുകളിൽ നിന്നും ആഇശഃ (റ)യുടെ പ്രസ്താവനയിൽ നിന്ന് വ്യക്തമാകുന്നതുപോലെ- തിരുമേനിക്ക് അല്ലാഹു കൊടുത്തരുളിയ പ്രത്യേകതകളിൽ ഒന്നെന്നനിലക്കുമാണ് ഈ അനുവാദം എന്നത്രെ ഈ പ്രയോഗം കാണിക്കുന്നത്. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം നബി അവരുടെ സ്വന്തം ദേഹത്തെക്കാൾ ബന്ധപ്പെട്ടവനാണ് (**النبي اولى بالمؤمنين من أنفسهم**) എന്നുള്ള 6-ാം വചനം ഇവിടെ അനുസ്മരണീയമാണ്. നബി ﷺയുടെ ഭാര്യയായി ജീവിക്കുവാൻ- സ്വന്തം അവകാശങ്ങളെ അവഗണിച്ചുകൊണ്ട്- ഒരു സ്ത്രീ ആവേശവും അപേക്ഷയും സമർപ്പിക്കുമ്പോൾ അത് അവളുടെ സത്യവിശ്വാസത്തിന്റെയും, ത്യാഗമനഃസ്ഥിതിയുടെയും ആഴത്തെയാണല്ലോ കാണിക്കുന്നത്. അവളുടെ അപേക്ഷ നിരസിക്കുന്നത് എത്രമാത്രം സങ്കടമായിരിക്കും?! നുബുവ്വത്തിന്റെ പദവിയെക്കുറിച്ച് സാമാന്യം അറിവോ, സത്യവിശ്വാസത്തിന്റെ മധുരിമയോ സിദ്ധിക്കാത്തവർക്ക് മാത്രമേ ഇതിലടങ്ങിയ യുക്തിരഹസ്യത്തെപ്പറ്റി സംശയിക്കുവാൻ അവകാശ

മുള്ളൂ.

നബി ﷺ യുടെ ഭാര്യമാരിൽ ഒരാളായ സൗദഃ (റ)യെ അവിടുന്ന് വിവാഹമോചനം ചെയ്യാൻ ഉദ്ദേശിക്കുകയുണ്ടായി. തന്നെ വിവാഹമോചനം ചെയ്യരുതെന്നും, തനിക്ക് യാതൊരവകാശവും വകവെച്ചു തരേണ്ടതില്ലെന്നും, തിരുമേനിയുടെ ഭാര്യമാരിൽ ഒരാളായിക്കൊണ്ട് 'മഹ്ശറി'ൽ ഒരുമിച്ചുകൂടുകമാത്രമാണ് തന്റെ ഉദ്ദേശ്യമെന്നും ആ മഹതി തിരുമേനിയോടപേക്ഷിച്ചു. അതനുസരിച്ച് നബി ﷺ അവരുടെ അടുക്കൽ താമസിക്കാറുണ്ടായിരുന്ന ഊഴം അവർ ആഇശഃ (റ)യുടെ ഊഴത്തിൽ കൂട്ടിച്ചേർത്തു. സ്വന്തം ദേഹത്തെ നബി ﷺ ക്ക്ദാനം ചെയ്ത ഒരു മഹതിയായിരുന്നു ഖൗലഃ (റ). വളരെ സദ്‌വൃത്തയായ ഒരു മഹതിയായിരുന്നു അവർ. വേറെയും ചില സ്ത്രീകൾ നബി ﷺ ക്ക് സ്വയം ദാനം ചെയ്തതായി നിവേദനങ്ങൾ വന്നിട്ടുണ്ട്. എങ്കിലും, ഇങ്ങനെ ദാനംചെയ്ത ഒരു സ്ത്രീയുമായി തിരുമേനി ദാമ്പത്യസമ്പർക്കം ഉണ്ടായിട്ടില്ലെന്ന് ഇമാം അസ്ക്വലാനീ (റ) മുതലായവർ പ്രസ്താവിച്ചിരിക്കുന്നു. (كما فى الفتح وغيره)

ആഇശഃ (റ) പ്രസ്താവിച്ചതായി ഇമാം ബുഖാരിയും, മുസ്‌ലിമും (റ) ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു: നബി ﷺ ക്ക് സ്വന്തം ദേഹത്തെ ദാനം നൽകുന്ന സ്ത്രീകളെക്കുറിച്ച് എനിക്ക് ദ്വേഷ്യം തോന്നാറുണ്ടായിരുന്നു. ഒരു സ്ത്രീ അവളുടെ ദേഹത്തെ ദാനം കൊടുക്കുകയോ?! എന്ന് ഞാൻ പറഞ്ഞിരുന്നു. അങ്ങനെ, ترجى من تشاء... എന്നുള്ള (അടുത്ത) ക്വുർആൻവചനം അവതരിച്ചപ്പോൾ ഞാൻ പറഞ്ഞുപോയി: ما ارى ربك الا يسارع فى هواك (അങ്ങയുടെ റബ്ബ് അങ്ങയുടെ ഇഷ്ടത്തിൽ ധൃതി കൂട്ടുന്നതായിട്ടല്ലാതെ എനിക്ക് കാണുമാറാകുന്നില്ല!) സ്വന്തം ദേഹത്തെ നബി ﷺ ക്ക് ദാനം നൽകാൻ ഒരു സ്ത്രീ സന്നദ്ധയാകുന്നത് ആ സ്ത്രീക്ക് തിരുമേനിയുടെ ഭാര്യാപദവി സിദ്ധിക്കുവാനുള്ള അത്യാഗ്രഹംകൊണ്ട് മാത്രമാണെന്ന് അനസ് (റ) തന്റെ മകളോട് പറഞ്ഞതായി ഇമാം ബുഖാരിയും അഹ്മദും (റ) നിവേദനം ചെയ്യുന്നു. വിവാഹം കഴിക്കുന്നതിലും, അടിമസ്ത്രീകളെ ദമ്പതിമാരായി സ്വീകരിക്കുന്നതിലും സത്യവിശ്വാസികൾ വേറെയും പല നിയമങ്ങളും, മര്യാദകളും പാലിക്കേണ്ടതുണ്ട്. നാലിൽ കൂടുതൽ ഭാര്യമാരെ ആർക്കും വിവാഹം കഴിച്ചുകൂടാ, മഹ്ർ കൊടുക്കൽ എല്ലാവർക്കും നിർബന്ധമാണ്. സാക്ഷികൾ വേണം, കൈകാര്യക്കാരൻ– 'വലിയ്യ്– വേണം, ഇങ്ങനെ പലതും. ഇവിടെ അതൊന്നും വിവരിച്ചിട്ടില്ല. ക്വുർആനിലെ മറ്റ് ചില വചനങ്ങളിൽനിന്നും, നബിചര്യയിൽനിന്നും അത് മനസ്സിലാക്കേണ്ടിയിരിക്കുന്നു. 'അവരുടെ ഭാര്യമാരുടെയും വലങ്കൈ ഉടമയാക്കിയവരുടെയും കാര്യത്തിൽ നിയമിച്ചിട്ടുള്ളത് നമുക്കറിയാം. (قد علمنا ما فرضنا) എന്ന് പറഞ്ഞതിന്റെ താൽപര്യം ഇതൊക്കെയാണ്. തുടർന്നുകൊണ്ട് നബി ﷺ യെ സംബന്ധിച്ച് വിവാഹവിഷയത്തിൽ ചില പ്രത്യേക നിയമങ്ങളും വിട്ടുവീഴ്ചയും ഏർപ്പെടുത്തുവാനുള്ള കാരണം അല്ലാഹു ചൂണ്ടിക്കാട്ടിയത് നോക്കുക: لكيلا يكون عليك حرج (നിന്റെ മേൽ യാതൊരു വിഷമവും ഉണ്ടാകാതിരിക്കുവാൻ വേണ്ടിയാണ്.) നബി ﷺ തിരുമേനിക്ക് അല്ലാഹുവിങ്കലുള്ള സ്ഥാനപദവി എത്രമാത്രം മഹത്തരമാണെന്ന് ഈ വാക്യത്തിൽനിന്നും, അടുത്ത വചനത്തിൽനിന്നും– അല്ല, ഈ സൂറഃയിലെ പല ആയത്തുകളിൽനിന്നും– ഏറെക്കുറെ ഊഹിക്കാവുന്നതാണ്. അല്ലാഹു പറയുന്നു:–

۞ تُرۡجِى مَن تَشَآءُ مِنۡهُنَّ وَتُـٔۡوِىٓ إِلَيۡكَ مَن تَشَآءُ ۖ وَمَنِ ٱبۡتَغَيۡتَ مِمَّنۡ عَزَلۡتَ فَلَا جُنَاحَ عَلَيۡكَ ۚ ذَٰلِكَ أَدۡنَىٰٓ أَن تَقَرَّ أَعۡيُنُهُنَّ وَلَا يَحۡزَنَّ وَيَرۡضَيۡنَ بِمَآ ءَاتَيۡتَهُنَّ كُلُّهُنَّ

﴾51﴿ അവരിൽ [ഭാര്യമാരിൽ] നിന്ന് നീ ഉദ്ദേശിക്കുന്നവരെ പിന്നോട്ട് (മാറ്റി) നിറുത്താം; നീ ഉദ്ദേശിക്കുന്നവരെ നിന്നിലേക്ക് അടുപ്പിച്ചുകൊള്ളുകയും ചെയ്യാം. നീ വിട്ടുനിറുത്തിയവരിൽ ആരെയെങ്കിലും നീ ആവശ്യപ്പെടുന്നതായാലും നിനക്ക് തെറ്റില്ല. അവരുടെ കണ്ണുകൾ കുളിർക്കുവാനും, അവർ വ്യസനിക്കാതിരിക്കുവാനും, നീ അവർക്ക് കൊടുത്തതുകൊണ്ട് അവർ -അവരെല്ലാവരും- തൃപ്തിപ്പെടുവാനും കൂടുതൽ അടുപ്പമായ [സൗകര്യപ്രദമായ]താണത്.

وَٱللَّهُ يَعۡلَمُ مَا فِى قُلُوبِكُمۡ ۚ وَكَانَ ٱللَّهُ عَلِيمًا حَلِيمًا ﴿٥١﴾

നിങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെ അല്ലാഹു അറിയുന്നതാകുന്നു. അല്ലാഹു സർവ്വജ്ഞനും, സഹനമുള്ളവനുമാകുന്നു.

﴾51﴿ تُرۡجِي നിനക്ക് പിന്നോട്ട് നിറുത്താം, പിന്തിക്കാം مَنۡ تَشَاءُ നീ ഉദ്ദേശിക്കുന്നവരെ مِنۡهُنَّ അവരിൽ നിന്ന് وَتُؤۡوِي നിനക്ക് അടുപ്പിക്കുകയും ചെയ്യാം, അണപ്പിക്കാം إِلَيۡكَ നിങ്കലേക്ക് مَنۡ تَشَاءُ നീ ഉദ്ദേശിക്കുന്നവരെ وَمَنِ ഏതൊരാളെ, ആരെയെങ്കിലും ابۡتَغَيۡتَ നീ ആവശ്യപ്പെട്ടാൽ, നിനക്ക് വേണമെന്നുവെച്ചാൽ مِمَّنۡ عَزَلۡتَ നീ വിട്ടുനിറുത്തിയ (അകറ്റിവെച്ച)വരിൽ നിന്ന് فَلَا جُنَاحَ എന്നാൽ തെറ്റില്ല عَلَيۡكَ നിന്റെ മേൽ ذَٰلِكَ أَدۡنَىٰ അത് കൂടുതൽ അടുപ്പം (സൗകര്യം) ഉള്ളതാണ് أَنۡ تَقَرَّ കുളിർക്കുവാൻ (സമാധാനിക്കുവാൻ) أَعۡيُنُهُنَّ അവരുടെ കണ്ണുകൾ وَلَا يَحۡزَنَّ അവർ വ്യസനിക്കാതിരിക്കുവാനും وَيَرۡضَيۡنَ അവർ തൃപ്തിപ്പെടുവാനും بِمَا آتَيۡتَهُنَّ നീ അവർക്ക് കൊടുത്തതുകൊണ്ട് كُلُّهُنَّ അവരെല്ലാവരും وَاللَّهُ يَعۡلَمُ അല്ലാഹു അറിയുന്നു مَا فِي قُلُوبِكُمۡ നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് وَكَانَ اللَّهُ അല്ലാഹു ആകുന്നു عَلِيمًا സർവ്വജ്ഞൻ حَلِيمًا സഹനമുള്ളവൻ

നബി ﷺ ക്ക് ഇഷ്ടപ്പെട്ടവരുമായി വിവാഹബന്ധം തുടരാം. അല്ലാത്തവരെ വിവാഹമോചനം നൽകി വിടാം. നിലവിലുള്ള ഭാര്യമാർക്കിടയിൽ- ഇന്നിന്ന ദിവസങ്ങളിൽ ഇന്നിന്നവരുടെ കൂടെ താമസിക്കുക എന്ന് ഊഴം നിശ്ചയിക്കാം. ഇതിൽനിന്ന് ഒഴിവാക്കണമെന്ന് തോന്നുന്നവരെ ഒഴിവാക്കുകയും ചെയ്യാം എന്നൊക്കെയാണ് 'നീ ഉദ്ദേശിക്കുന്നവരെ പിന്നോട്ട് മാറ്റി നിർത്തുകയും, ഉദ്ദേശിക്കുന്നവരെ നിന്നിലേക്ക് അടുപ്പിക്കുകയും ചെയ്യാം' എന്ന് പറഞ്ഞതിന്റെ സാരം. ഒന്നിലധികം ഭാര്യമാരുള്ളവർ അവർക്കിടയിൽ താമസത്തിന് സമമായി ഊഴം നിശ്ചയിക്കൽ നിർബന്ധമാണ്. നബി ﷺ യെ സംബന്ധിച്ചിടത്തോളം അത് നിർബന്ധമില്ലെന്നും, യുക്തം

പോലെ ചെയ്യാമെന്നും ഇതിൽനിന്ന് മനസ്സിലാക്കാം. ഇതനുസരിച്ച് തിരുമേനി ചില ഭാര്യമാരെ ഊഴത്തിന്റെ നിർബന്ധത്തിൽനിന്ന് ഒഴിവാക്കിയെന്നും, പക്ഷേ, അത് പ്രാവർത്തികമാക്കാതെ വീണ്ടും ഊഴം പാലിക്കുകതന്നെ ചെയ്തിരുന്നുവെന്നും ബലവത്തായ ഹദീഥുകളിൽ കാണാവുന്നതാണ്. ഇമാം അഹ്മദ് (റ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീഥിൽ ആഇശഃ (റ) പറയുന്നു: നബി ﷺ അവിടുത്തെ ഭാര്യമാർക്കിടയിൽ (ദിവസങ്ങൾ) ഭാഗിക്കുകയും, അതിൽ നീതി പാലിക്കുകയും ചെയ്തിരുന്നു. എന്നിട്ടും അവിടുന്ന് ഇങ്ങനെ പറയുമായിരുന്നു: اللهم هذا فعلى فيما املك فلا تلمنى فيما تملك ولا أملك (അല്ലാഹുവേ, എന്റെ അധീനത്തിൽപ്പെട്ട കാര്യത്തിലുള്ള എന്റെ പ്രവൃത്തിയാണിത്. നിന്റെ അധീനത്തിലുള്ളതും, എന്റെ അധീനത്തിലല്ലാത്തതുമായ കാര്യത്തിൽ നീ എന്നെ കുറ്റപ്പെടുത്തരുതേ!)

വിവാഹമോചനം നൽകിയവരെ വീണ്ടും വിവാഹത്തിലേക്ക് മടക്കി എടുക്കുകയും, ഊഴത്തിൽനിന്ന് ഒഴിവാക്കിയവർക്ക് വീണ്ടും ഊഴം വകവെച്ചുകൊടുക്കുകയും ചെയ്യുന്നതിന് വിരോധമില്ല എന്നാണ് ആയത്തിലെ അടുത്തവാക്യം കാണിക്കുന്നത്. അഥവാ നബി തിരുമേനി ﷺക്ക് യുക്തവും, ഹിതവും അനുസരിച്ച് പ്രവർത്തിച്ചുകൊള്ളുവാൻ അല്ലാഹു അനുവാദം നൽകിയിരിക്കുന്നു. അതുകൊണ്ട് ഏതെങ്കിലും ഒരു സ്ത്രീയെ അകറ്റിനിറുത്തിയതിലോ, മറ്റവളെ അടുപ്പിച്ചതിലോ തിരുമേനിയുടെമേൽ ആക്ഷേപത്തിന് വഴിയില്ല. ഇന്നപ്രകാരമേ ചെയ്യാവൂ എന്ന് നിർബന്ധം നിശ്ചയിച്ചിട്ടില്ലല്ലോ. തിരുമേനിയാണെങ്കിൽ നീതിക്കും മര്യാദക്കും എതിരായി ഒന്നും പ്രവർത്തിക്കുന്ന ആളുമല്ല. അപ്പോൾ, ഭാര്യമാരുടെ കാര്യത്തിൽ അവിടുന്ന് സ്വീകരിക്കുന്ന നയങ്ങളെല്ലാം ഔദാര്യപൂർവ്വമായിരിക്കും. തിരുമേനിയുടെ ഭാര്യമാരാകട്ടെ, ഐഹികസുഖസൗകര്യങ്ങളെക്കാൾ അല്ലാഹുവിന്റെയും, റസൂലിന്റെയും പ്രീതിയെ ലക്ഷ്യമാക്കി നിലകൊള്ളുന്നവരാണ് താനും. ചുരുക്കത്തിൽ, നബി ﷺക്ക്മേൽ പ്രസ്താവിച്ച സ്വാതന്ത്ര്യം അല്ലാഹു വിട്ടുകൊടുത്തുകൊണ്ട് അവിടുത്തെ ഭാര്യമാർക്ക് സന്തോഷവും മനസ്സമാധാനവും ഉണ്ടാകുവാനേ അവകാശമുള്ളൂ. അവകാശവാദങ്ങൾ പുറപ്പെടുവിക്കുവാനോ, അതിന്റെ പേരിൽ വഴക്കും പിണക്കവും ഉണ്ടാക്കുവാനോ പിന്നെ പഴുതുണ്ടായിരിക്കുന്നതുമല്ല. 'അവരുടെ കണ്ണുകൾ കുളിർക്കുവാനും' (ذلك أدنى أن تقر....) എന്ന് തുടങ്ങിയ വാക്യത്തിന്റെ വിവരണത്തിൽ ഇമാം ഇബ്നുജരീർ (റ), ഇബ്നുകഥീർ (റ) മുതലായ പ്രധാന ക്വുർആൻ വ്യാഖ്യാതാക്കളെല്ലാം സ്വീകരിച്ചതും, ക്വുർആന്റെ വാക്യങ്ങളോടും ഹദീഥുകളോടും കൂടുതൽ അനുയോജ്യവുമായ വിവരണമാണ് മുകളിൽ കണ്ടത്. ഈ വാക്യത്തിന് ചിലർ വേറെ വ്യാഖ്യാനം നൽകിയിട്ടുണ്ടെങ്കിലും അത് ശക്തമായി ത്തോന്നുന്നില്ല.

28 മുതൽ 34 കൂടിയ ആയത്തുകളിൽ നബി ﷺയുടെ ഭാര്യമാരെക്കുറിച്ച് പലതും പ്രസ്താവിച്ചു. ഐഹികസുഖങ്ങളെ ഉദ്ദേശിക്കുന്നവർക്ക് നബി ﷺയെ വിട്ടുപിരിഞ്ഞുപോയിക്കൊള്ളാമെന്നും, അല്ലാത്തവർ തിരുമേനിയൊന്നിച്ച് അച്ചടക്കത്തോടും അനുസരണയോടുംകൂടി ജീവിക്കണമെന്നും അറിയിച്ചു. അവരുടെ ഉന്നതപദവികളെയും, അവരുടെ കടമകളെയും വിവരിക്കുകയും ചെയ്തു. 50– ാം വചനത്തിൽ നബി ﷺക്ക് വിവാഹം ചെയ്യാവുന്ന സ്ത്രീകൾ ഏതെല്ലാമെന്ന് വ്യക്തമാക്കി. തുടർന്ന്കൊണ്ട് ഇഷ്ടപ്പെട്ട ഭാര്യമാരെ സ്വീകരിക്കുവാനും അല്ലാത്തവരെ വിട്ടേക്കുവാനും മറ്റുമുള്ള സ്വാതന്ത്ര്യങ്ങൾ തിരുമേനിക്ക് നൽകുകയും ചെയ്തു. എനി, ഇപ്പോൾ നബി ﷺയൊന്നിച്ച് നിലവിലുണ്ടായിരിക്കുന്ന ഭാര്യമാരെല്ലാംതന്നെ, പിരിഞ്ഞുപോകുകയോ, പിരിച്ചുവിടുകയോ ചെയ്യേണ്ടുന്ന ആവശ്യമില്ലാത്തവരും, മരണംവരെ നബി ﷺയുടെ ഭാര്യമാരായിരിക്കുവാൻ തികച്ചും അർഹരായ ഭാഗ്യവതികളും ആയിരിക്കുമല്ലോ.

لَّا يَحِلُّ لَكَ ٱلنِّسَآءُ مِنۢ بَعْدُ وَلَآ أَن تَبَدَّلَ بِهِنَّ مِنْ أَزْوَٰجٍ وَلَوْ أَعْجَبَكَ حُسْنُهُنَّ إِلَّا مَا مَلَكَتْ يَمِينُكَ ۗ وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ رَّقِيبًا ﴿٥٢﴾

《52》 ശേഷം (ഇനിമേലിൽ) നിനക്ക് സ്ത്രീകൾ [ഭാര്യമാർ] അനുവദനീയമാകുന്നതല്ല; (പുതുതായി) വല്ല ഭാര്യമാരെയും ഇവർക്ക് പകരം സ്വീകരിക്കുകയും പാടില്ല- അവരുടെ നൻമ (അഥവാ സൗന്ദര്യം) നിന്നെ ആശ്ചര്യപ്പെടുത്തിയാലും ശരി; നിന്റെ വലങ്കൈ ഉടമപ്പെടുത്തിയവരൊഴികെ, (അവരെ സ്വീകരിക്കാം.) അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

《52》 لَا يَحِلُّ لَكَ നിനക്ക് അനുവദനീയമാകയില്ല النِّسَاءُ സ്ത്രീകൾ (ഭാര്യമാർ) مِنۢ بَعْدُ ശേഷം, പിന്നീട് (മേലിൽ) وَلَا أَن تَبَدَّلَ നീ പകരം സ്വീകരിക്കലും പാടില്ല بِهِنَّ അവർക്ക്, ഇവർക്ക് مِنْ أَزْوَاجٍ വല്ല ഭാര്യമാരെയും وَلَوْ أَعْجَبَكَ നിന്നെ ആശ്ചര്യ (കൗതുക)പ്പെടുത്തിയാലും حُسْنُهُنَّ അവരുടെ നന്മ, ഗുണം إِلَّا مَا مَلَكَتْ ഉടമപ്പെടുത്തിയതൊഴികെ يَمِينُكَ നിന്റെ വലങ്കൈ وَكَانَ اللَّهُ അല്ലാഹു ആകുന്നു عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തെക്കുറിച്ചും رَقِيبًا വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ

ഈ വചനം അവതരിക്കുമ്പോൾ തിരുമേനിയുടെ ഭാര്യമാരായി ഒമ്പതുപേരാണ് നിലവിലുണ്ടായിരുന്നത്. ആഇശഃ, ഹഫ്സ്വഃ, ഉമ്മുഹബീബഃ, സൗദഃ, ഉമ്മുസലമഃ, സ്വഫിയ്യഃ, മൈമൂനഃ, സൈനബ്, ജുവൈരിയ്യഃ (റ) എന്നിവരാണവർ. (*) ഇതിന്നുശേഷം നബി ﷺ പുതുതായി വിവാഹം ചെയ്യുകയുണ്ടായിട്ടില്ല. ഒരു ഭാര്യയെ വിവാഹമോചനം ചെയ്തു പകരം പുതിയൊരു ഭാര്യയെ സ്വീകരിക്കലും ഉണ്ടായിട്ടില്ല. ഇബ്റാഹീം എന്ന കുട്ടിയുടെ മാതാവും ഈജിപ്തിൽനിന്ന് സമ്മാനമായി അയച്ചുകൊടുക്കപ്പെട്ട അടിമസ്ത്രീയുമായിരുന്ന മാരിയ്യഃ (റ)യെ തിരുമേനി സ്വീകരിച്ചത് ഈ വചനം അവതരിച്ചതിനുശേഷമായിരുന്നു. അടിമസ്ത്രീകളെ സ്വീകരിക്കുന്നതിന് വിരോധമില്ലെന്ന് പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളതാണല്ലോ.

വിഭാഗം - 7

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَدْخُلُوا۟ بُيُوتَ ٱلنَّبِىِّ إِلَّآ أَن يُؤْذَنَ لَكُمْ إِلَىٰ طَعَامٍ غَيْرَ نَـٰظِرِينَ إِنَىٰهُ

《53》 ഹേ, വിശ്വസിച്ചവരേ, നബിയുടെ വീടുകളിൽ വല്ല ഭക്ഷണത്തിലേക്കും (ക്ഷണിച്ചുകൊണ്ട്) നിങ്ങൾക്ക് അനുവാദം കിട്ടിയാലല്ലാതെ നിങ്ങൾ പ്രവേശിക്കരുത്; അതിന്റെ പാകം [വേവ്] നോക്കിക്കൊണ്ടിരിക്കുന്നവരല്ലാത്ത നിലക്ക് (വേണം പ്രവേശിക്കുന്നത്).

(*) ഈ ഒമ്പത് പേരെ സംബന്ധിച്ച് കൂടുതൽ വിവരം ഈ സൂറത്തിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നോക്കുക.

وَلَٰكِنْ إِذَا دُعِيتُمْ فَٱدْخُلُوا۟ فَإِذَا طَعِمْتُمْ فَٱنتَشِرُوا۟ وَلَا مُسْتَـْٔنِسِينَ لِحَدِيثٍ ۚ إِنَّ ذَٰلِكُمْ كَانَ يُؤْذِى ٱلنَّبِىَّ فَيَسْتَحْىِۦ مِنكُمْ

പക്ഷെ, നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ പ്രവേശിച്ചുകൊള്ളുവിൻ; ഭക്ഷണം കഴിച്ചാൽ പിരിഞ്ഞുപോകുകയും ചെയ്യുവിൻ; വല്ല വർത്തമാനത്തിനുമായി നേരംപോക്കിലേർപ്പെട്ടു നില്ക്കാതെയും (ആയിരിക്കണം). (കാരണം) നിശ്ചയമായും അതൊക്കെ, നബിയെ ശല്യപ്പെടുത്തുന്നതാണ്. അപ്പോൾ (അത് തുറന്നുപറയുവാൻ) നിങ്ങളെക്കുറിച്ച് അദ്ദേഹത്തിന് ലജ്ജയായിരിക്കുകയും ചെയ്യും.

وَٱللَّهُ لَا يَسْتَحْىِۦ مِنَ ٱلْحَقِّ ۚ وَإِذَا سَأَلْتُمُوهُنَّ مَتَٰعًا فَسْـَٔلُوهُنَّ مِن وَرَآءِ حِجَابٍ ۚ ذَٰلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ ۚ وَمَا كَانَ لَكُمْ أَن تُؤْذُوا۟ رَسُولَ ٱللَّهِ وَلَآ أَن تَنكِحُوٓا۟ أَزْوَٰجَهُۥ مِنۢ بَعْدِهِۦٓ أَبَدًا ۚ إِنَّ ذَٰلِكُمْ كَانَ عِندَ ٱللَّهِ عَظِيمًا ﴿٥٣﴾

അല്ലാഹുവാകട്ടെ, യാഥാർത്ഥ്യത്തെക്കുറിച്ച് (തുറന്നു കാട്ടുവാൻ) ലജ്ജ കാണിക്കുകയില്ല. നിങ്ങൾ അവരോട് [നബിമാരുടെ ഭാര്യമാരോട്] വല്ല സാധനവും ചോദിക്കുന്നതായാൽ മറയുടെ പിന്നിൽനിന്ന് ചോദിച്ചുകൊള്ളണം. നിങ്ങളുടെ ഹൃദയങ്ങൾക്കും, അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ ശുദ്ധമായിട്ടുള്ളതത്രെ അത്. അല്ലാഹുവിന്റെ റസൂലിന് ശല്യമുണ്ടാക്കുവാൻ നിങ്ങൾക്ക് പാടുള്ളതുമല്ല. അദ്ദേഹത്തിന്റെ ശേഷം അദ്ദേഹത്തിന്റെ ഭാര്യമാരെ ഒരിക്കലും നിങ്ങൾ വിവാഹം കഴിപ്പാനും പാടില്ല. നിശ്ചയമായും, അതൊക്കെ അല്ലാഹുവിന്റെ അടുക്കൽ വമ്പിച്ച കാര്യമാകുന്നു.

《53》 يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചവരേ | لَا تَدْخُلُوا നിങ്ങൾ പ്രവേശിക്കരുത് بُيُوتَ النَّبِيِّ
നബിയുടെ വീടുകളിൽ إِلَّا أَنْ يُؤْذَنَ സമ്മതം നൽകപ്പെട്ടാലൊഴികെ لَكُمْ നിങ്ങൾക്ക് إِلَى طَعَامٍ
വല്ല ഭക്ഷണത്തിലേക്കും غَيْرَ نَاظِرِينَ നോക്കിക്കൊണ്ടിരിക്കുന്നവരല്ലാതെ إِنَاهُ അതിന്റെ പാകം,
വേവ് وَلَٰكِنْ പക്ഷേ إِذَا دُعِيتُمْ നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ | فَادْخُلُوا അപ്പോൾ നിങ്ങൾ പ്രവേ
ശിച്ചുകൊള്ളുവിൻ فَإِذَا طَعِمْتُمْ നിങ്ങൾ ഭക്ഷണം കഴിച്ചാൽ | فَانْتَشِرُوا നിങ്ങൾ നിരന്നുകൊ

ള്ളുക (പിരിഞ്ഞുപോകുക) وَلَا مُسْتَأْنِسِينَ നേരംപോക്കിലേർപ്പെടാത്തവരായും, (തങ്ങിനിൽക്കാതെയും) لِحَدِيثٍ വല്ല വർത്തമാനത്തിനും إِنَّ ذَٰلِكُمْ നിശ്ചയമായും അത് كَانَ يُؤْذِي ശല്യപ്പെടുത്തുന്നതാകുന്നു النَّبِيَّ നബിയെ فَيَسْتَحْيِي അപ്പോഴദ്ദേഹത്തിന് ലജ്ജയുണ്ടാകും مِنكُمْ നിങ്ങളെക്കുറിച്ച് وَاللَّهُ അല്ലാഹുവാകട്ടെ لَا يَسْتَحْيِي അവൻ ലജ്ജ കാണിക്കയില്ല مِنَ الْحَقِّ യഥാർത്ഥത്തെ (കാര്യത്തെ)ക്കുറിച്ച് وَإِذَا سَأَلْتُمُوهُنَّ നിങ്ങളവരോട് ചോദിക്കുന്നതായാൽ مَتَاعًا വല്ല സാധനവും, ഉപകരണവും فَاسْأَلُوهُنَّ എന്നാലവരോട് ചോദിക്കുവിൻ مِن وَرَاءِ حِجَابٍ മറയുടെ പിന്നിൽനിന്ന് ذَٰلِكُمْ أَطْهَرُ അത് കൂടുതൽ ശുദ്ധമായതാണ്, വെടിപ്പുള്ളതാണ് لِقُلُوبِكُمْ നിങ്ങളുടെ ഹൃദയങ്ങൾക്ക് وَقُلُوبِهِنَّ അവരുടെ ഹൃദയങ്ങൾക്കും وَمَا كَانَ لَكُمْ നിങ്ങൾക്ക് പാടില്ലതാനും أَن تُؤْذُوا നിങ്ങൾ ശല്യപ്പെടുത്തൽ, സൈ്വര്യംകെടുത്തൽ رَسُولَ اللَّهِ അല്ലാഹുവിന്റെ റസൂലിനെ وَلَا أَن تَنكِحُوا നിങ്ങൾ വിവാഹം ചെയ്യലും പാടില്ല أَزْوَاجَهُ അദ്ദേഹത്തിന്റെ ഭാര്യമാരെ مِن بَعْدِهِ അദ്ദേഹത്തിന് ശേഷം أَبَدًا ഒരിക്കലും, എന്നെന്നും إِنَّ ذَٰلِكُمْ നിശ്ചയമായും അത് كَانَ ആകുന്നു عِندَ اللَّهِ അല്ലാഹുവിങ്കൽ عَظِيمًا വമ്പിച്ചത്

അനസ് (റ) പ്രസ്താവിച്ചതായി ബുഖാരി -മുസ്ലിം മുതലായവർ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാണ്: 'നബി ﷺ സൈനബ് (റ)യെ വിവാഹം കഴിച്ച അവസരത്തിൽ കുറേ ആളുകളെ (സദ്യക്ക്) ക്ഷണിച്ചിരുന്നു. ഭക്ഷണം കഴിച്ച ശേഷം ആളുകൾ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുകയായി. നബി ﷺ സ്ഥലം വിട്ടെഴുന്നേറ്റു പോകാൻ ശ്രമിച്ചുവെങ്കിലും അവർ എഴുന്നേറ്റ് പോകുന്നില്ല. അങ്ങനെ തിരുമേനി അവിടന്ന് സ്ഥലം വിട്ടുപോയി. ഈ അവസരത്തിൽ ഏതാനും പേർ സ്ഥലം വിട്ടു. മൂന്നുപേർ അവിടെത്തന്നെ ഇരുന്നു. തിരുമേനി (കുറേ കഴിഞ്ഞു മടങ്ങി) വീട്ടിലേക്ക് വന്നപ്പോഴും അവരവിടെ ഇരിക്കുന്നുണ്ടായിരുന്നു. പിന്നീട് അവരും എഴുന്നേറ്റു പോയി. ഈ വിവരം ഞാൻ തിരുമേനിയെ അറിയിച്ചു. അവിടുന്ന് വീട്ടിൽ പ്രവേശിച്ചു. ഞാനും (പതിവ്പോലെ) ഒന്നിച്ച് പ്രവേശിക്കുവാൻ ഉദ്ദേശിച്ചു. നോക്കുമ്പോൾ എനിക്കും തിരുമേനിക്കുമിടയിൽ മറ ഇടപ്പെട്ടിരുന്നു. ഈയവസരത്തിൽ يا أيها الذين آمنوا لا تدخلوا بيوت النبي എന്നുള്ള (ഈ) ആയത്ത് അല്ലാഹു അവതരിപ്പിച്ചു.' നബി ﷺക്ക് സേവനം ചെയ്തുകൊടുക്കുവാൻവേണ്ടി പത്ത് വയസ്സ് പ്രായത്തിൽ മാതാവ് കൂട്ടിക്കൊണ്ടു വന്ന്, തിരുമേനിക്ക് ഏൽപിച്ചുകൊടുത്ത ആളാണ് അനസ് (റ). തിരുമേനിയുടെ വിയോഗംവരേക്കും വിശ്വസ്തനായ ഒരു ഭൃത്യനും, വീട്ടിലെ ഒരംഗവും എന്ന നിലയിൽ അദ്ദേഹം തിരുമേനിയോടൊപ്പം ജീവിച്ചുപോന്നു. എന്നാൽ, പർദ്ദാസമ്പ്രദായം നടപ്പിലായപ്പോൾ അത് അദ്ദേഹത്തിനും ബാധകമായിരുന്നു.

കേവലം ദീർഘമായ ഈ തിരുവചനത്തിൽ, നബി തിരുമേനി ﷺയുടെ സ്ഥാനപദവികളെ മാനിച്ചുകൊണ്ട് സത്യവിശ്വാസികൾ ആചരിക്കേണ്ടുന്ന പല മര്യാദകളെക്കുറിച്ചും അല്ലാഹു പ്രസ്താവിക്കുന്നു. അവയിൽ ഒരു കാര്യം– തിരുമേനിയുടെ ശേഷം അവിടുത്തെ പത്നിമാരെ ആരും വിവാഹം ചെയ്തുകൂടാ എന്നത്– ഒഴിച്ച് മറ്റെല്ലാം തന്നെ, മുസ്ലിംകൾ എപ്പോഴും പരസ്പരം ആചരിക്കേണ്ടത് തന്നെയാകുന്നു. തിരുമേനിയുടെ കാര്യത്തിൽ

അവ കൂടുതൽ കർശനമായി സ്വീകരിക്കപ്പെടേണ്ടതുണ്ട് താനും. തിരുമേനിയുടെ വീടുകളിൽ, അഥവാ അവിടുത്തെ ഭാര്യമാർ നിവസിക്കുന്ന വീടുകളിൽ, പ്രവേശനത്തിനുള്ള അനുവാദം കിട്ടിയാലല്ലാതെ ആർക്കും ഇനിമേലിൽ പ്രവേശിക്കാൻ പാടില്ല എന്ന് ഈ വചനം പ്രഖ്യാപിക്കുന്നു. (അനുവാദം ചോദിക്കുന്ന രൂപം, അതിന്റെ ആവശ്യകത, അനുവാദം കൂടാതെ പ്രവേശിക്കുന്ന വീടുകൾ ആദിയായവയെക്കുറിച്ച് സൂറത്തുന്നൂറിൽ വിശദീകരിച്ചു പറഞ്ഞിട്ടുള്ളതാണ്.) അനധികൃതമായി അന്യവീടുകളിൽ പ്രവേശിക്കുന്നതായാൽ നേരിടുവാനിടയുള്ള ദോഷങ്ങളെക്കുറിച്ച് ആർക്കും ഊഹിച്ചറിയാമല്ലോ. സദ്യ വേളകളിലാവട്ടെ, അല്ലാത്തപ്പോഴാകട്ടെ, ക്ഷണിക്കപ്പെടാതെ ചെന്നു ഭക്ഷണത്തിൽചെന്ന് പങ്കെടുക്കുന്നതും, ക്ഷണിക്കപ്പെട്ടാൽതന്നെയും വീട്ടിൽചെല്ലുമ്പോൾ അനുമതികൂടാതെ പ്രവേശിക്കുന്നതും പാടില്ലാത്തതാണ്. ഭക്ഷണം പാകമാകുന്നത്– തയ്യാറാകുന്നത്– നോക്കിക്കാത്തുകൊണ്ടിരിക്കുന്നതും ഉചിതമല്ല. ഇതും വീട്ടുകാർക്ക് പല നിലക്കും ശല്യമായി അനുഭവപ്പെടും. അതുകൊണ്ട് മുൻകൂട്ടിച്ചെന്നു കാത്തിരിക്കാൻ ഇടവരാതെ യഥാസമയത്ത് മാത്രം ചെന്നു ചേരേണ്ടതാകുന്നു. ക്ഷണിക്കപ്പെട്ടവർമാത്രം ചെല്ലുക, ഭക്ഷണം കഴിഞ്ഞാലുടൻ സ്ഥലം വിട്ടുപോരുക, പിന്നീടവിടെ ചുറ്റിപ്പറ്റി നിൽക്കാതിരിക്കുക, ഇതെല്ലാം പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്. ക്ഷണിക്കപ്പെടാതെ സദ്യവട്ടങ്ങളിലും, ഭക്ഷണവേളയിലും കടന്നുചെല്ലുന്ന സമ്പ്രദായം കേവലം നിന്ദ്യവും അന്യായവും കൂടിയാണ്. ക്ഷണിക്കപ്പെട്ടവൻ ക്ഷണം നിരസിക്കുന്നതും ശരിയല്ല. ഇത്തരം പല കാര്യങ്ങളെക്കുറിച്ചും ഹദീഥിൽ കൂടുതൽ വിശദീകരിച്ചുകാണാം. ദീർഘിച്ചുപോകുമെന്ന് കരുതി വിട്ടുകളയുകയാണ്.

ഇതെല്ലാം കേവലം നിസ്സാരകാര്യങ്ങളല്ലേ, ഇത്ര ഗൗരവത്തോടെ അവ എടുത്തുപറയേണ്ടതുണ്ടോ? എന്നൊക്കെ പലരും ധരിച്ചേക്കാം. അല്ല, ഇക്കാലത്ത് പലരുടെ വാക്കിലും പ്രവൃത്തിയിലും പ്രത്യക്ഷത്തിൽതന്നെ ആ നില പ്രകടമാകാറുമുണ്ട്. ഇവർക്കുള്ള മറുപടിയത്രെ അല്ലാഹു പറഞ്ഞത്: 'നിശ്ചയമായും അതൊക്കെ നബിയെ ശല്യപ്പെടുത്തുന്നതാകുന്നു. അത് തുറന്ന് പറയുവാൻ അദ്ദേഹത്തിന് ലജ്ജയുണ്ടായേക്കാം. അല്ലാഹുവാകട്ടെ, യഥാർത്ഥത്തെക്കുറിച്ച് ലജ്ജ കാണിക്കയില്ല. (ان ذلكم كان يؤذى النبي . . .) നബി ﷺയെ ശല്യപ്പെടുത്തുന്നത് പ്രത്യേകിച്ചും, സത്യവിശ്വാസികൾക്ക് ശല്യം ഉണ്ടാക്കുന്നത് പൊതുവിലും അല്ലാഹുവിങ്കൽ എത്രമാത്രം ആക്ഷേപകരമാണെന്ന് ഇതേ വചനത്തിലെ തുടർന്നുള്ള വാക്യങ്ങളും, താഴെ വരുന്ന 57– 59 എന്നീ വചനങ്ങളും മറ്റും പരിശോധിച്ചാലറിയാവുന്നതാണ്. ഒരാൾക്ക് മറ്റൊരാളെക്കൊണ്ട് ഏതെങ്കിലും തരത്തിൽ ശല്യം ഉണ്ടാവാൻ പാടില്ല. നബി ﷺയെ ശല്യപ്പെടുത്തുന്നത് മറ്റാരെ ശല്യപ്പെടുത്തുന്നതിനെക്കാളും ഭയങ്കരമാണ്. അന്യന്റെ പെരുമാറ്റത്തിൽ ഏർപ്പെടുന്ന സ്വൈര്യക്കേടിനെക്കുറിച്ച് തുറന്നുപറയുവാൻ മാന്യൻമാരായ ആളുകൾ മടിച്ചേക്കുക സ്വാഭാവികമാണ്. അത് മറ്റുള്ളവർ കണ്ടറിയേണ്ടതാണ്, കണ്ടറിയാത്തവരെ അത് ഓർമിപ്പിക്കുന്നത് ആവശ്യവുമാണ് എന്നിങ്ങനെ പലതും ഈ വാക്യത്തിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയും.നബി ﷺയുടെ ഭാര്യമാരോട് വല്ല സാധനവും ആവശ്യപ്പെടേണ്ടതുണ്ടാകുമ്പോൾ അത് മറയുടെ പിന്നിൽ നിന്ന് ചോദിക്കണം, അഥവാ അകത്ത് കടന്നുചെന്നും മുഖത്തോട് മുഖമായും അവരോട് സംസാരിച്ചുകൂടാ. ഇതാണ് ആയത്തിലെ മറ്റൊരു കൽപന. ഇതിന് രണ്ട് കാരണവും അല്ലാഹു പറയുന്നു: ഇരുകൂട്ടരുടെയും ഹൃദയങ്ങളുടെ നിഷ്കളങ്കതക്കും, ശുദ്ധതക്കും അതാണ് അനുയോജ്യമായത്; തിരുമേനിയുടെ ഭാര്യമാരുടെ അന്തസ്സിനും, മാന്യതക്കും നിരക്കാത്ത പെരുമാറ്റം തിരുമേനിയെ ശല്യപ്പെടുത്തലുമാണ്. ഇതാണെങ്കിൽ മഹാപാപവും! നബി ﷺയുടെ ഭാര്യമാരെ സംബന്ധിച്ച് മാത്രമല്ല, അന്യസ്ത്രീകളെ സംബന്ധിച്ച് പൊതുവിൽ ആചരിക്കേണ്ടുന്ന ഒരു മര്യാദയാണിത്. മാന്യതയിലും ശ്രേഷ്ഠതയിലും ഉന്നത നിലവാരത്തി

ലുള്ളവരാകുമ്പോൾ വിശേഷിച്ചും.

നബി ﷺ യുടെ ഭാര്യമാരിൽ പർദ്ദ നടപ്പാക്കിയാൽ കൊള്ളാമെന്ന് ഉമർ (റ) ആഗ്രഹിച്ചിരുന്നതായും, ഉമർ (റ)ന്റെ അഭിപ്രായം ശരിവെച്ചുകൊണ്ട് അവതരിച്ച ചില ക്വുർആൻ വചനങ്ങളിൽ ഈ ആയത്തും ഉൾപ്പെടുന്നതായും ഹദീഥുകളിൽ കാണാം. പക്ഷേ, വഹ്‌യ് ലഭിക്കാത്ത സ്ഥിതിക്ക് നബി ﷺ അത് നടപ്പിലാക്കാൻ മുമ്പോട്ട് വന്നതുമില്ല. തിരുമേനി സ്വന്തം ഇഷ്ടപ്രകാരം ഒന്നും കൽപിക്കുകയില്ലല്ലോ. (وما ينطق عن الهوى) അനസ് (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'റസൂൽ തിരുമേനി ﷺ യോട് ഉമർ (റ) പറയുകയുണ്ടായി: റസൂലേ, അങ്ങയുടെ അടുക്കൽ നല്ല മനുഷ്യരും, ചീത്ത മനുഷ്യരും പ്രവേശിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് സത്യവിശ്വാസികളുടെ മാതാക്കളോട് (അങ്ങയുടെ ഭാര്യമാരോട്) പർദ്ദ സ്വീകരിക്കുവാൻ അങ്ങുന്ന് കൽപിച്ചിരുന്നുവെങ്കിൽ?!' അങ്ങനെ, ഹിജ്റഃ അഞ്ചാംകൊല്ലം ദുൽക്വഅ്ദഃ മാസത്തിൽ ജഹ്ശിന്റെ മകൾ സൈനബിനെ നബി ﷺ വിവാഹം കഴിച്ച ആ വിവാഹസദ്യ കഴിഞ്ഞ രാവിലെ പർദ്ദയുടെ ഈ വചനം അവതരിച്ചു. (ബു; മു. മുതലായവർ) അനസ് (റ)ന്റെ ഈ പ്രസ്താവനയും, അൽപം മുമ്പ് ഉദ്ധരിച്ച പ്രസ്താവനയും പരസ്പരം പിൻബലം നൽകുന്നവയാകുന്നു. നബി ﷺ യുടെ വീട്ടിൽ ചെല്ലുമ്പോൾ അനുഷ്ഠിക്കേണ്ടുന്ന മര്യാദകളെ സംബന്ധിച്ചുള്ള കൽപനകൾ അവതരിക്കുവാൻ പല നിലക്കും യോജിച്ച ഒരു സന്ദർഭത്തിലാണ് ഇതിന്റെ അവതരണമുണ്ടായതെന്ന് അവയിൽ നിന്ന് ഗ്രഹിക്കാം.

ഒരു ഹദീഥിൽ നബി ﷺ പറയുന്നു: إنما جعل الاستئذان من أجل البصر (പ്രവേശനത്തിന് സമ്മതം ചോദിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്തന്നെ കണ്ണിന്റെ –നോട്ടത്തിന്റെ– കാരണത്താലാകുന്നു– ബു; മു.) മറ്റൊരു നബി വചനം അബൂഹുറയ്റഃ (റ) ഇപ്രകാരം നിവേദനം ചെയ്യുന്നു: 'കണ്ണുകളുടെ വ്യഭിചാരം നോട്ടമാണ്, ചെവികളുടെ വ്യഭിചാരം കേൾക്കാൻ ശ്രമിക്കലാണ്, നാവിന്റെ വ്യഭിചാരം സംസാരിക്കലാണ്, കയ്യിന്റെ വ്യഭിചാരം സ്പർശിക്കലാണ്, കാലിന്റെ വ്യഭിചാരം കാലടിവെക്കലാണ്– നടന്നുചെല്ലലാണ്–, ഹൃദയം ഇച്ഛിക്കുകയും മോഹിക്കുകയും ചെയ്യുന്നു; ജനനേന്ദ്രിയം അതിനെ യഥാർത്ഥമാക്കുകയോ കളവാക്കുകയോ ചെയ്യും.' (ബു; മു.)

റസൂൽ തിരുമേനി ﷺ യുടെ കാലശേഷം, അവിടുത്തെ ഭാര്യയായിരുന്ന ഒരാളെയും ആർക്കും തീരെ വിവാഹം ചെയ്യാൻ പാടില്ല എന്നാണ് ആയത്തിൽ അവസാനമായി പ്രസ്താവിച്ചത്. തിരുമേനിയുടെ ഭാര്യമാർ സത്യവിശ്വാസികളുടെ മാതാക്കളാണെന്ന് 6– ാം വചനത്തിൽ പറഞ്ഞുവല്ലോ. അപ്പോൾ മാതാക്കളെ വിവാഹം ചെയ്യാൻ പാടില്ലെന്നപോലെ അവരെയും വിവാഹം ചെയ്തുകൂടാത്തതാണ്. നിലവിലുള്ള ഒമ്പത് ഭാര്യമാർക്ക് പുറമെ എനി മറ്റാരെയും വിവാഹം ചെയ്യരുതെന്ന് നബി ﷺ യെ വിലക്കിയതുപോലെ, പ്രസ്തുത ഭാര്യമാർ നബി ﷺ യുടെ ശേഷം വേറെ ഭർത്താക്കളെ സ്വീകരിക്കുന്നതും ഇതുമൂലം തടയപ്പെട്ടിരിക്കുകയാണ്. ഇതെല്ലാം നബി ﷺ യുടെ ഉന്നതസ്ഥാനത്തെയും, അവിടുത്തെ പത്നിമാരോട് സത്യവിശ്വാസികൾ ബഹുമാനപൂർവ്വം പെരുമാറേണ്ടുന്നതിന്റെ ആവശ്യകതയും കുറിക്കുന്നു. 'നിശ്ചയമായും അത് അല്ലാഹുവിന്റെ അടുക്കൽ വമ്പിച്ച കാര്യമാണ്' (ان ذلكم كان عند الله عظيما) എന്നുള്ള സമാപനവാക്യം മനസ്സിരുത്തി ആലോചിച്ചുനോക്കുക!

പ്രത്യക്ഷത്തിൽ അച്ചടക്കമര്യാദയും, നിയമങ്ങളും പാലിക്കുന്നവരിൽതന്നെ, ദുർവിചാരക്കാരും, കളങ്കഹൃദയൻമാരും ഉണ്ടായേക്കാം, നേരെമറിച്ച് സദുദ്ദേശവും, ശുദ്ധഹൃദയവും ഉള്ളവർക്ക് ചിലപ്പോൾ നിയമാതിർത്തികൾ കൃത്യമായി പാലിക്കാൻ കഴിയാതെയും വന്നേക്കാം. എന്നാൽ ഓരോരുത്തരുടെയും ഉള്ളുകള്ളികളെല്ലാം അല്ലാഹു അറിയുമെന്നും, അതതിന് തക്ക നടപടികൾ അവൻ എടുത്തുകൊള്ളുമെന്നും അടുത്ത വചനത്തിൽ ചൂണ്ടിക്കാ

ട്ടുന്നു. തുടർന്നുകൊണ്ട് പർദ്ദ ആചരിക്കണമെന്ന നിയമത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളവരെക്കുറിച്ച് പ്രസ്താവിക്കുകയും ചെയ്യുന്നു.

إِن تُبْدُواْ شَيْـًٔا أَوْ تُخْفُوهُ فَإِنَّ ٱللَّهَ كَانَ بِكُلِّ شَىْءٍ عَلِيمًا ﴿٥٤﴾

《54》 നിങ്ങൾ വല്ലകാര്യവും വെളിവാക്കുകയോ, അല്ലെങ്കിൽ മറച്ചുവെക്കുകയോ ചെയ്യുന്നപക്ഷം, അല്ലാഹു എല്ലാകാര്യത്തെപ്പറ്റിയും അറിയുന്നവനാകുന്നു.

《54》 إِنْ تُبْدُوا നിങ്ങൾ വെളിവാക്കുന്ന പക്ഷം شَيْئًا വല്ല കാര്യവും أَوْ تُخْفُوهُ അല്ലെങ്കിലത് മറച്ചുവെക്കുന്നതായാൽ فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു بِكُلِّ شَيْءٍ എല്ലാ കാര്യത്തെപ്പറ്റിയും عَلِيمًا അറിയുന്നവൻ

لَّا جُنَاحَ عَلَيْهِنَّ فِىٓ ءَابَآئِهِنَّ وَلَآ أَبْنَآئِهِنَّ وَلَآ إِخْوَٰنِهِنَّ وَلَآ أَبْنَآءِ إِخْوَٰنِهِنَّ وَلَآ أَبْنَآءِ أَخَوَٰتِهِنَّ وَلَا نِسَآئِهِنَّ وَلَا مَا مَلَكَتْ أَيْمَـٰنُهُنَّ ۗ وَٱتَّقِينَ ٱللَّهَ ۚ

《55》 തങ്ങളുടെ പിതാക്കളിലാകട്ടെ, പുത്രൻമാരിലാകട്ടെ, സഹോദരൻമാരിലാകട്ടെ, സഹോദരൻമാരുടെ പുത്രന്മാരിലാകട്ടെ, സഹോദരിമാരുടെ പുത്രൻമാരിലാകട്ടെ, തങ്ങളുടെ സ്ത്രീകളിലാകട്ടെ, തങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയവരിലാകട്ടെ (ഒന്നും തന്നെ) അവരുടെമേൽ യാതൊരു കുറ്റവുമില്ല. (നബിമാരുടെ പത്നിമാരേ,) നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ!

إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ شَهِيدًا ﴿٥٥﴾

നിശ്ചയമായും അല്ലാഹു എല്ലാ കാര്യത്തിന്റെമേലും സാക്ഷ്യംവഹിക്കുന്നവനാകുന്നു.

《55》 لَا جُنَاحَ തെറ്റില്ല عَلَيْهِنَّ അവരുടെമേൽ فِي آبَائِهِنَّ അവരുടെ പിതാക്കളിൽ وَلَا أَبْنَائِهِنَّ അവരുടെ പുത്രൻമാരിലുമില്ല وَلَا إِخْوَانِهِنَّ അവരുടെ സഹോദരൻമാരിലുമില്ല وَلَا أَبْنَاءِ إِخْوَانِهِنَّ അവരുടെ സഹോദരപുത്രൻമാരിലുമില്ല وَلَا أَبْنَاءِ أَخَوَاتِهِنَّ അവരുടെ സഹോദരീ പുത്രൻമാരിലുമില്ല وَلَا نِسَائِهِنَّ അവരുടെ സ്ത്രീകളിലുമില്ല وَلَا مَا مَلَكَتْ ഉടമപ്പെടുത്തിയവരിലുമില്ല أَيْمَانُهُنَّ അവരുടെ വലതുകൈകൾ وَاتَّقِينَ നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ, ഭയഭക്തി കാണിക്കുവിൻ اللَّهَ അല്ലാഹുവിനെ, അല്ലാഹുവിനോട് إِنَّ اللَّهَ നിശ്ചയ

മായും അല്ലാഹു كَانَ ആകുന്നു عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിന്റെമേലും شَهِيدًا സാക്ഷ്യം വഹിക്കുന്നവൻ, സന്നദ്ധൻ

ഏഴ് കൂട്ടരെയാണ് ഇവിടെ ഒഴിവാക്കപ്പെട്ടിട്ടുള്ളത്. നബി ﷺ യുടെ ഭാര്യമാരല്ലാത്ത ഇതരസ്ത്രീകളുടെ പർദ്ദാനിയമത്തിലും ഈ ഏഴ് കൂട്ടർ ഒഴിവാക്കപ്പെട്ടവർതന്നെ. കൂടുതൽ അടുത്ത കുടുംബങ്ങളെക്കുറിച്ചാണ് ഇവിടെ പ്രസ്താവിച്ചത്. അമ്മാവൻമാരും, പിതൃവ്യൻമാരും മറ്റുചിലരും ഇക്കൂട്ടത്തിൽ ഉൾപ്പെടുമെന്നും, 'തങ്ങളുടെ സ്ത്രീകൾ' (نسائهن) എന്ന് പറഞ്ഞതിന്റെ താൽപര്യം മുസ്ലിംസ്ത്രീകൾ എന്നാണെന്നും, വിമതസ്ഥരായ സ്ത്രീകളിലും പർദ്ദാനിയമം ആചരിക്കണമെന്നും മറ്റും സൂറത്തുന്നൂറിൽ വേണ്ടതുപോലെ നാം വിവരിച്ചുകഴിഞ്ഞതാകുന്നു. (സൂ: നൂർ 31-ാം വചനവും വിവരണവും നോക്കുക.)

إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّ ۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا ﴿٥٦﴾

﴾56﴿ **നിശ്ചയമായും, അല്ലാഹുവും, അവന്റെ മലക്കുകളും നബിയുടെമേൽ 'സ്വലാത്ത്' [അനുഗ്രഹം] നേരുന്നു. ഹേ, വിശ്വസിച്ചവരേ, അദ്ദേഹത്തിന്റെ മേൽ നിങ്ങൾ 'സ്വലാത്ത്' [അനുഗ്രഹം] നേരുകയും, (ശരിയാംവണ്ണം) 'സലാം' [ശാന്തി] നേരുകയും ചെയ്യുവിൻ.**

﴾56﴿ إِنَّ اللهَ നിശ്ചയമായും അല്ലാഹു وَمَلَائِكَتَهُ അവന്റെ മലക്കുകളും يُصَلُّونَ അവർ അനുഗ്രഹം നേരുന്നു, സ്വലാത്ത് ചെയ്യുന്നു عَلَى النَّبِيِّ നബിയുടെമേൽ يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ صَلُّوا നിങ്ങൾ അനുഗ്രഹം നേരുവിൻ عَلَيْهِ അദ്ദേഹത്തിന്റെമേൽ وَسَلِّمُوا നിങ്ങൾ സലാം നേരുകയും ചെയ്യുവിൻ تَسْلِيمًا (ശരിയാംവണ്ണമുള്ള) ഒരു സലാം നേരൽ

صلاة ('സ്വലാത്ത്') എന്ന വാക്കിന് 'അനുഗ്രഹം, ആശീർവാദം, പ്രാർത്ഥന എന്നൊക്കെ അർത്ഥം വരും. سلام ('സലാം') എന്ന വാക്കിന് 'ശാന്തി, സമാധാനം, രക്ഷ' എന്നിങ്ങനെയും അർത്ഥം വരും. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം 'സ്വലാത്ത്' കൊണ്ടുദ്ദേശ്യം അവന്റെ അനുഗ്രഹവും കാരുണ്യവും കൊടുത്തരുളുക എന്നത്രെ. മലക്കുകളെ സംബന്ധിച്ചാകുമ്പോൾ പാപമോചനത്തിനും നന്മക്കും വേണ്ടി പ്രാർത്ഥിക്കുക എന്നും, സത്യവിശ്വാസികളെ സംബന്ധിച്ചാകുമ്പോൾ അനുഗ്രഹത്തിനും നന്മക്കുംവേണ്ടി പ്രാർത്ഥിക്കുക എന്നും, ഉദ്ദേശ്യമായിരിക്കും. ഇതുപോലെത്തന്നെ, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം 'സലാമിന്റെ ഉദ്ദേശ്യം സമാധാനവും, ശാന്തിയും, രക്ഷയും നൽകുക എന്നും, നമ്മെ സംബന്ധിച്ചിടത്തോളം അതിനായി പ്രാർത്ഥിക്കുക എന്നും താൽപര്യമാകുന്നു. നബി ﷺ യുടെ പേരിൽ 'സ്വലാത്ത്' ചൊല്ലുക, അഥവാ അനുഗ്രഹം നേരുക എന്ന് പറയുന്നതിന്റെയും, 'സലാം' ചൊല്ലുക അഥവാ ശാന്തി- അല്ലെങ്കിൽ സമാധാനം -നേരുക എന്ന് പറയുന്നതിന്റെയും ഉദ്ദേശ്യം ഇതിൽനിന്ന് വ്യക്തമാണല്ലോ. നബി ﷺ യുടെ പേരിൽ 'സ്വലാത്തും സലാമും' നേരുന്നതിന്റെ പ്രാധാന്യം ഈ തിരുവചനത്തിൽനിന്ന് ഗ്രഹിക്കാം. നബി ﷺ ക്ക് അല്ലാഹുവിൽനിന്ന് ലഭിക്കുന്ന എല്ലാ അനുഗ്രഹങ്ങളും അവിടുത്തെ സമുദായത്തിന് കൂടി

ലഭിക്കുന്ന ഭാഗ്യമായിരിക്കുന്നതാണ്.

നബി ﷺ പറഞ്ഞതായി അലി (റ) നിവേദനം ചെയ്യുന്നു: 'യാതൊരുവന്റെ അടുക്കൽവെച്ച് എന്നെക്കുറിച്ച് പ്രസ്താവിക്കപ്പെടുമ്പോൾ അവൻ എന്റെമേൽ 'സ്വലാത്ത്' നേർന്നില്ലയോ അവനത്രെ ലുബ്ധൻ. (തി.) മറ്റൊരു നബിവചനം ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: 'ജനങ്ങളിൽ വെച്ച് ഖിയാമത്ത് നാളിൽ എന്നോട് ഏറ്റവും ബന്ധപ്പെട്ടവൻ, അവരിൽവെച്ച് എന്റെമേൽ കൂടുതൽ 'സ്വലാത്ത്' നടത്തുന്നവനാകുന്നു.' (തി.) തിരുമേനി പറഞ്ഞുകേട്ടതായി അബ്ദുല്ലാഹിബ്നു അംറും (റ) അബൂഹുറയ്റഃ (റ)യും ഉദ്ധരിക്കുന്നു: 'എന്റമേൽ ആരെങ്കിലും ഒരു പ്രാവശ്യം 'സ്വലാത്ത്' നേർന്നാൽ, അല്ലാഹു അവന്റെമേൽ അതിന് പത്തു പ്രാവശ്യം സ്വലാത്ത് നേരുന്നതാണ്.' (മു.)

إِنَّ ٱلَّذِينَ يُؤْذُونَ ٱللَّهَ وَرَسُولَهُۥ لَعَنَهُمُ ٱللَّهُ فِى ٱلدُّنْيَا وَٱلْءَاخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِينًا ﴿٥٧﴾

《57》 അല്ലാഹുവിനെയും, അവന്റെ റസൂലിനെയും യാതൊരുകൂട്ടർ ശല്യപ്പെടുത്തുന്നുവോ അവരെ, നിശ്ചയമായും അല്ലാഹു ഇഹത്തിലും പരത്തിലും ശപിക്കുന്നതാണ്. അവർക്ക് നിന്ദ്യകരമായ ശിക്ഷ അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

وَٱلَّذِينَ يُؤْذُونَ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ بِغَيْرِ مَا ٱكْتَسَبُوا۟ فَقَدِ ٱحْتَمَلُوا۟ بُهْتَٰنًا وَإِثْمًا مُّبِينًا ﴿٥٨﴾

《58》 സത്യവിശ്വാസികളെയും, സത്യവിശ്വാസിനികളെയും -അവർ പ്രവർത്തിച്ചതല്ലാത്തതിന്റെപേരിൽ- ശല്യപ്പെടുത്തുന്നവരാകട്ടെ, അവർ അപരാധവും, പ്രത്യക്ഷമായ കുറ്റവും (സ്വയം) ഏറ്റെടുത്ത് കഴിഞ്ഞിരിക്കയാണ്.

《57》 إِنَّ നിശ്ചയമായും الَّذِينَ يُؤْذُونَ اللَّهَ അല്ലാഹുവിനെ ശല്യപ്പെടുത്തുന്നവർ وَرَسُولَهُ അവന്റെ റസൂലിനെയും لَعَنَهُمُ اللَّهُ അല്ലാഹു അവരെ ശപിക്കുന്നതാണ്, ശപിച്ചിരിക്കുന്നു فِي الدُّنْيَا ഇഹത്തിലും وَالآخِرَةِ പരത്തിലും وَأَعَدَّ لَهُمْ അവർക്കവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു عَذَابًا مُهِينًا നിന്ദ്യകരമായ ശിക്ഷ 《58》 وَالَّذِينَ يُؤْذُونَ ശല്യപ്പെടുത്തുന്നവർ الْمُؤْمِنِينَ സത്യവിശ്വാസികളെ وَالْمُؤْمِنَاتِ സത്യവിശ്വാസിനികളെയും بِغَيْرِ مَا യാതൊന്നല്ലാത്തതിന്റെ പേരിൽ اكْتَسَبُوا അവർ പ്രവർത്തിച്ചിട്ടുള്ള فَقَدِ احْتَمَلُوا എന്നാൽ തീർച്ചയായും അവർ ഏറ്റെടുത്തു, സ്വയം പേറി بُهْتَانًا അപരാധം, കള്ളാരോപണം, നുണ وَإِثْمًا പാപവും, കുറ്റവും مُبِينًا പ്രത്യക്ഷമായ, സ്പഷ്ടമായ

അല്ലാഹുവിന്റെ ഉൽകൃഷ്ട ഗുണങ്ങൾക്കോ, ശക്തിമഹാത്മ്യത്തിനോ, അധികാരാവകാശങ്ങൾക്കോ അനുയോജ്യമല്ലാത്തതും, അവയെ അവഗണിക്കുന്നതുമായ എല്ലാ പ്രസ്താവനകളും പ്രവർത്തനങ്ങളും അല്ലാഹുവിനെ ശല്യപ്പെടുത്തുന്നവയാണെന്ന് മൊത്തത്തിൽ പറയാം. അല്ലാഹു പ്രസ്താവിക്കുന്നതായി നബി ﷺ ഉദ്ധരിച്ചിട്ടുള്ള രണ്ട് തിരുവചനങ്ങളിൽ നിന്ന് ഇത് മനസ്സിലാക്കാം:

1. 'അല്ലാഹു പറയുന്നു: ആദമിന്റെ പുത്രൻ എന്നെ വ്യാജമാക്കി: അവന് അത് പാടില്ലായിരുന്നു. അവൻ എന്നെക്കുറിച്ച് പഴി പറഞ്ഞു; അതും അവന് പാടില്ലായിരുന്നു. അവൻ എന്നെ വ്യാജമാക്കിയെന്ന് പറഞ്ഞത് അവന്റെ ഈ വാക്കാണ്: 'എന്നെ ആദ്യം സൃഷ്ടിച്ചതുപോലെ അവൻ– അല്ലാഹു– എന്നെ വീണ്ടും സൃഷ്ടിക്കുന്നതല്ലതന്നെ.' എന്നെ പഴി പറഞ്ഞതാകട്ടെ, 'എനിക്ക് സന്താനമുണ്ടെന്ന്' അവൻ പറഞ്ഞതാണ്. ഒരു ഇണയെയോ, സന്താനത്തെയോ സ്വീകരിക്കുന്നതിൽനിന്ന് ഞാൻ മഹാ പരിശുദ്ധനുമത്രെ!' (ബു)

2. അല്ലാഹു പറയുന്നു: ആദമിന്റെ പുത്രൻ എന്നെ ശല്യപ്പെടുത്തുന്നു. (അതായത്) അവൻ കാലത്ത് ചീത്ത പറയുന്നു. ഞാനത്രെ കാലം. രാത്രിയെയും, പകലിനെയും ഞാൻ കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. (*) (ബു; മു.) ഈ ഹദീഥുകൾ മുമ്പിൽ വെച്ചുകൊണ്ട് പരിശോധിച്ചാൽ, ഇന്ന് പലരിൽനിന്നും സാധാരണ കേൾക്കാറുള്ള 'പ്രകൃതി വഞ്ചിച്ചു; കാലം ചതിച്ചു' മുതലായ വാക്കുകൾ അബദ്ധം നിറഞ്ഞവയാണെന്ന് കാണാം.

നബി തിരുമേനി ﷺ യുടെ സ്ഥാനപദവികൾക്ക് നിരക്കാത്തതും, അവിടുത്തെ തരം താഴ്ത്തിക്കാട്ടുന്നതുമായ എല്ലാ പ്രസ്താവനകളും, പ്രവർത്തനങ്ങളും നബിയെ ശല്യപ്പെടുത്തുന്നവതന്നെ. തിരുമേനിയെ പരിഹസിക്കുക, അവിടുത്തെ ചര്യകളെയോ, പ്രവൃത്തികളെയോ പുച്ഛിക്കുക, അല്ലെങ്കിൽ വിമർശിക്കുക മുതലായവയെല്ലാം ഇതിൽ ഉൾപ്പെടും. 69–ാം വചനത്തിന്റെ വിവരണത്തിൽ ഇതിന് ചില ഉദാഹരണങ്ങൾ കാണാം. സ്വന്തം ദേഹത്തെക്കാളും, മാതാപിതാക്കൾ, സന്താനങ്ങൾ തുടങ്ങിയ മറ്റെല്ലാവരെക്കാളും നബി ﷺ യെ സ്നേഹിക്കാത്തവന്റെ 'ഈമാൻ' പോലും ശരിയായ ഈമാനാവുകയില്ലല്ലോ. അതുപോലെ, നബി ﷺ യെ ഏതെങ്കിലും വിധേന ശല്യപ്പെടുത്തുന്നതും, അവിടുത്തേക്ക് മനോവേദന ഉളവാക്കുന്നതും കൂടുതൽ ഗൗരവപ്പെട്ടതുമായിരിക്കും. അതുകൊണ്ട് തന്നെയാണ്, അല്ലാഹുവിനെയും റസൂലിനെയും ശല്യപ്പെടുത്തുന്നതിനെപ്പറ്റി ഒരേ വാക്കിൽ താക്കീത് നൽകിയിരിക്കുന്നതും. അല്ലാഹുവിനെയും, റസൂലിനെയും ശല്യപ്പെടുത്തുന്നവർക്ക് ലഭിക്കുവാനിരിക്കുന്ന പ്രതിഫലത്തെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ചത് നോക്കുക! അതിൽനിന്ന് ആ മഹാപാപം എത്രമേൽ ഭയങ്കരമാണെന്ന് ഊഹിക്കാവുന്നതാണ്. ഇഹത്തിലും പരത്തിലും അല്ലാഹുവിങ്കൽനിന്നുള്ള ശാപം! പോരാ, നിന്ദ്യവും അപമാനകരവുമായ പരലോകശിക്ഷയും!! (അല്ലാഹു നമ്മെ കാക്കട്ടെ. ആമീൻ.)

അല്ലാഹുവിനെയും റസൂലിനെയും ശല്യപ്പെടുത്തുന്നവരെക്കുറിച്ച് പ്രസ്താവിച്ചശേഷം തുടർന്നുകൊണ്ട് സത്യവിശ്വാസികളെ ശല്യപ്പെടുത്തുന്നവരെ സംബന്ധിച്ചും അല്ലാഹു ഗൗരവമായി താക്കീത് ചെയ്യുന്നു. അവർ അത്മൂലം അപരാധവും, പ്രത്യക്ഷമായ കുറ്റവും സ്വയം ഏറ്റെടുക്കുകയാണ് ചെയ്യുന്നതെന്ന് പറഞ്ഞുവല്ലോ. അവർക്ക് ലഭിക്കുവാനിരിക്കുന്ന അനന്തരഫലം എന്തായിരിക്കുമെന്ന് ഈ വാക്യത്തിൽനിന്ന് അനുമാനിക്കാവുന്നതാണ്. 'ഒരു മുസ്‌ലിമിന് ഒരു മുസ്‌ലിമിന്റെ സർവ്വതും– അവന്റെ രക്തവും, അവന്റെ ധനവും, അവന്റെ

(*) 'ഞാനത്രെ കാലം' എന്ന വാക്യംകൊണ്ടുള്ള വിവക്ഷ തുടർന്നുള്ള വാക്യത്തിൽ നിന്ന് വ്യക്തമാണ്. ലോകത്ത് നടക്കുന്ന കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ നിയന്ത്രണമനുസരിച്ചുമാത്രം നടക്കുന്നതാണെന്ന് സാരം.

മാനവും– ഹറാമാണെന്ന് നബി ﷺ പ്രഖ്യാപിച്ചതാണല്ലോ (رواه مسلم وغيره) എന്നിരിക്കെ, ഇവയിൽ ഏതെങ്കിലും ഒന്നിന് ഹാനി വരുത്തുന്നതെല്ലാം അവന് ശല്യമുണ്ടാക്കലായിരിക്കും. പരദൂഷണത്തെ (الغيبة) സംബന്ധിച്ച് പ്രസിദ്ധമായ ഒരു ഹദീഥിൽനിന്ന് ഇത് മനസ്സിലാക്കാം. ഹദീഥ് ഇതാണ്: 'പരദൂഷണം' എന്നാൽ എന്താണെന്ന് നബി ﷺയോട് ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു: 'നീ നിന്റെ സഹോദരനെക്കുറിച്ച് അവന് തൃപ്തികേടുവരുത്തുന്നത് പറയലാണ്.' അപ്പോൾ ചോദിക്കപ്പെട്ടു: കണ്ടുവോ: ഞാൻ പറയുന്ന കാര്യം അവനിൽ ഉള്ളതായിരുന്നാലോ (എന്നാലത് പരദൂഷണമാകുമോ)?! തിരുമേനി പറഞ്ഞു: 'നീ പറയുന്ന കാര്യം അവനിൽ ഉണ്ടായിരുന്നാൽ നീ അവനെ പരദൂഷണം പറഞ്ഞു. നീ പറയുന്നത് അവനിൽ ഇല്ലെങ്കിലോ, നീ അവനെപ്പറ്റി അപരാധം– നുണ– പറഞ്ഞു.' (മുസ്‌ലിം.)